# ക്രൈസ്തവ വനിത

May - June 2020



A fundamental Christian bi-monthly publication of the women, by the women, for the family

2020
May - June

Volume XIII
Issue 3

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


| | | | |
|---|---|---|---|
| ലോകാവസാനവും കൊറോണാ വൈറസും | – | ജോർജ് ജോൺ | 1 |
| ബലം ദൈവത്തിനുള്ളത് | – | ജെസി ബെൻസെൻ | 3 |
| കുടുംബം ഒരു പാഠശാല | – | എൽസി ബേബി | 4 |
| വാത്സല്യത്തോട് ചേർത്തു പിടിച്ചവൻ | – | എൽസി തോമസ് | 6 |
| വയോജനങ്ങളെ അവഗണിക്കരുത് | – | മോളിക്കുട്ടി ചാക്കോ | 8 |
| മദ്യം വരുത്തിയ വിന | – | ഡോ. കുഞ്ഞുമോൻ ചാക്കോ | 11 |
| വഴി ഏതാണ്? | – | ജോർജ് ജോൺ | 14 |
| പുതുവർഷചിന്തകൾ (ട്വെന്റി ട്വെന്റി) | – | വിദ്യാ ബാബു | 16 |
| ഒരിക്കലും മറക്കാത്ത ദൈവം | – | ഡോ. ഉമ്മൻ ഫിലിപ്പ് | 18 |
| ഈ പോക്ക് എങ്ങോട്ടാണ്? | – | ഡോ. ചാൾസ് ജോൺ | 21 |
| **Hope in the midst of Hopelessness** | – | Michael Anchan | 24 |
| ദൈവത്തിന്റെ ഇഷ്ടമോ നമ്മുടെ ശുദ്ധീകരണം തന്നെ | – | മഹേശ്വരി പുരന്ദരൻ | 26 |
| **Quest -71** | – | | 28 |


ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - *എഡിറ്റർ*

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**
*For private circulation only*

**Editorial Board**

Founder Editor
**Annamma Charles John**

Chief Editor
**Mrs. Mary Anchan**


Associate Editor
**Mrs. Sherine Kingston**

Sub Editor
**Mrs. Sobha Selin**

Telephone: 0471-2542870
**E-mail: chasjohn@gnmindia.org**
Mob: 9446548079

എഡിറ്റോറിയൽ

# ലോകാവസാനവും കൊറോണാ വൈറസും



**ഇ**ന്ന് ലോകത്തിൽ ജീവിച്ചിരിക്കുന്ന മിക്കവാറും എല്ലാവരോടും തന്നെ, അവരുടെ ജീവിതകാലത്ത് ലോകത്തിൽ സംഭവിച്ച ഏറ്റവും വലിയ സംഭവം എന്തായിരുന്നെന്നു ചോദിച്ചാൽ ഒരേ ഉത്തരമായിരിക്കും പറയുന്നത്. അത് എന്താണെന്നു വച്ചാൽ 195 രാജ്യങ്ങളും ഏതാനും ആശ്രിത പ്രദേശങ്ങളുമടങ്ങിയ ഈ ഭൂലോകത്തിലെ എല്ലാ രാജ്യങ്ങളെയും ഭീതിയുടെ മുൾമുനയിൽ നിറുത്തിക്കൊണ്ട് കഴിഞ്ഞ ഏതാനും മാസങ്ങളായി ഭീകരതാണ്ഡവം നടത്തിയ കോവിഡ് – 19 എന്ന പകർച്ചവ്യാധിയുടെ വ്യാപനവും അതിന്റെ തിക്തഫലങ്ങളും എന്നതുതന്നെ. ഭൂലോകത്തിന്റെ ഏതെങ്കിലും ഭാഗത്ത് ജീവിച്ചിരിക്കുന്ന ആർക്കെങ്കിലും ഇതിനു സമാനമായി ആഗോളവ്യാപകമായ മറ്റേതെങ്കിലും ഒരു മഹാവിപത്തിനെക്കുറിച്ച് പറയാൻ സാധിക്കുമെന്നു തോന്നുന്നില്ല. ചൈന തുറന്നുവിട്ട “പാൻഡോരായുടെ പെട്ടി”യിൽ നിന്നാണ് കോവിഡ് – 19 ന് കാരണഭൂതമായ “കൊറോണാ വൈറസ്” എന്ന മാരകവസ്തുക്കൾ ഭൂലോകമാസകലം വ്യാപിച്ചതെന്ന് പറയപ്പെടുന്നു. ഇതിന്റെ പ്രാരംഭ പ്രതികരണങ്ങൾ ചൈനയിലെ വുഹാനിൽ ഏറ്റവും വലിയതോതിൽ സംഭവിച്ചപ്പോഴാണ് ലോകശ്രദ്ധ ഇതിലേക്ക് ആകർഷിക്കപ്പെട്ടത്. ഒരു പക്ഷെ ഈ രോഗത്തിന്റെ വ്യാപനം ചൈന എന്ന മഹാരാജ്യത്തിന്റെ നാല് അതിരുകൾക്കുള്ളിൽ അവസാനിക്കുമെന്ന് ലോകജനത പ്രതീക്ഷിച്ചിരുന്നിരിക്കാം. എന്നാൽ ചൈനയിൽ പടരുന്നതിനുപകരം ഇതര രാജ്യങ്ങളിലേക്കാണ് ഈ പകർച്ചവ്യാധി കാട്ടുതീപോലെ പടർന്നു പിടിച്ചത്. ചൈനയുമായി കൂടുതൽ സമ്പർക്കമുള്ള അമേരിക്കയിലേക്കും യൂറോപ്പിലേക്കും അതിവേഗത്തിലാണ് രോഗം വ്യാപിച്ചത്. ഇക്കാര്യത്തിൽ ഇന്ത്യാ മഹാരാജ്യം സ്വീകരിച്ച മുൻകരുതലുകളും കേരളമുൾപ്പെടെ വിവിധ സംസ്ഥാനങ്ങൾ കൈക്കൊണ്ട സത്വരനടപടികളും തികച്ചും ഫലപ്രദമായെന്നുള്ളതിൽ രണ്ടുപക്ഷമില്ല. ഇത്തരുണത്തിൽ കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾക്കും ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ എല്ലാ ജോലിക്കാർക്കും ബന്ധപ്പെട്ട ഇതരവകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും വിശിഷ്യ നമ്മുടെ മുഖ്യമന്ത്രിക്കും ആരോഗ്യമന്ത്രിക്കും അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ അർപ്പിച്ചുകൊള്ളട്ടെ.

കേരളീയരായ നമുക്ക് സുപരിചിതമായ കാലങ്ങളാണ് മഴക്കാലവും വേനൽക്കാലവും. ‘അവധിക്കാലം’ , ‘പരീക്ഷാകാലം’ , ‘നോമ്പുകാലം’, ‘ഉത്സവകാലം’ മുതലായവ കൂടാതെ മലയാളികളുടെ സ്വന്തം “ഓണക്കാല”വുമുണ്ട്. എന്നാൽ മേല്പറഞ്ഞ കാലങ്ങളെയെല്ലാം നിഷ്പ്രഭമാക്കിയ ഒരു കാലമാണ് കൊറോണക്കാലം. ലോകചരിത്രംതന്നെ കൊറോണക്കാലത്തിനു മുമ്പെന്നും കൊറോണക്കാലത്തിനു ശേഷമെന്നും രണ്ടായി വേർതിരിച്ചായിരിക്കും ഇനിയും അറിയപ്പെടുന്നത് എന്ന് ഒരു രാഷ്ട്രീയ നിരീക്ഷകൻ കഴിഞ്ഞ ദിവസം അഭിപ്രായപ്പെടുന്നതു കേട്ടു. “ഒരു പക്ഷെ ഇതായിരിക്കും ലോകാവസാനം” എന്നാണ് മറ്റു ചിലർ ആശങ്കപ്പെടുന്നത്. “എന്നാൽ (ഇത്) അവസാനമല്ല......... ഇതൊക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ” (മത്തായി 24:7,8) എന്നാണ് വിശുദ്ധ ബൈബിൾ പറയുന്നത്. വിശ്വാസികളായ നാം ഈ കൊറോണക്കാലത്തെ അനുഭവങ്ങളിൽ നിന്നും എന്തെങ്കിലും പഠിച്ചോ, അഥവാ എന്താണ് പഠിച്ചത് എന്നു ചിന്തിക്കുന്നത് ഉചിതമായിരിക്കും.

ലോകത്തിലെ ഏറ്റവും സമ്പൽസമൃദ്ധ

രാജ്യങ്ങളിലൊന്നായ അമേരിക്കയുടെ ഇപ്പോഴത്തെ അവസ്ഥ നോക്കുക. ലോക രാഷ്ട്രങ്ങളെ ഒന്നടങ്കം തങ്ങളുടെ ചൊല്പടിയിൽ നിറുത്തത്തക്ക ആജ്ഞാശക്തിയും സ്വാധീനബലവുമുള്ളതായി നാം കരുതിയിരുന്ന ആ മഹാരാജ്യം കോവിഡ്-19 എന്ന കൊറോണാ വൈറസിന്റെ മുമ്പിൽ അടിപതറിയ കാഴ്ചയാണ് കഴിഞ്ഞ ദിവസങ്ങളിൽ നാം കണ്ടത്. അമേരിക്കയെ അപേക്ഷിച്ച് സാമ്പത്തികമായി വളരെ പിമ്പിൽ നില്ക്കുന്ന ഇന്ത്യ, അതായത് പ്രതിശീർഷ വരുമാനത്തിൽ എട്ടാം സ്ഥാനത്തു നില്ക്കുന്ന അമേരിക്കയുമായി താരതമ്യപ്പെടുത്തുമ്പോൾ കേവലം നൂറ്റിപ്പതിനാറാം സ്ഥാനത്തു നില്ക്കുന്ന ഇന്ത്യ, കൊറോണാ വൈറസിനെ നിയന്ത്രിക്കുന്ന കാര്യത്തിൽ എത്രയോ മുന്നിലായിരുന്നെന്ന് നാം കണ്ടുകഴിഞ്ഞു, നമ്മുടെ നേതൃത്വ പാടവവും ജനകോടികളുടെ അച്ചടക്കശീലവും ഇക്കാര്യത്തിൽ ഗണ്യമായ ഒരു പങ്ക് വഹിച്ചിട്ടുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

എന്നാൽ വിശ്വാസികളായ നമുക്ക് ഇതൊരു തിരിഞ്ഞുനോട്ടത്തിന്റെ അവസരമാണ്. "നാം ആശിച്ചതിലും നിനച്ചതിലും അത്യന്തം പരമായി'' നമ്മുടെ ജീവിതനിലവാരം ഉയർന്നപ്പോൾ, സുഖസൗകര്യങ്ങൾ വർദ്ധിച്ചപ്പോൾ, ലക്ഷങ്ങളും കോടികളും ചെലവഴിച്ചു നിർമ്മിച്ച പാർപ്പിടങ്ങളുടെയും ആരാധനാലയങ്ങളുടെയും എ. സി. കോൺഫറൻസ് ഹാളുകളുടെയും ക്യാമ്പു സൈറ്റുകളുടെയും സുഖസൗകര്യങ്ങൾ ആസ്വദിച്ചപ്പോൾ, വിവാഹങ്ങളും ഗൃഹപ്രവേശനസമ്മേളനങ്ങളും ഉത്സവങ്ങളായി മാറിയപ്പോൾ, കൺവെൻഷനുകളും ബൈബിൾ ക്യാമ്പുകളും ആർഭാടത്തിന്റെ പര്യായങ്ങളായി തീർന്നപ്പോൾ, "പണത്തിനു മീതേ പരുന്തും പറക്കയില്ല" എന്നുള്ള പഴഞ്ചൊല്ല് അന്വർത്ഥമായി പരിണമിച്ചപ്പോൾ "പരുന്തു പറക്കയില്ല, പക്ഷെ കൊറോണാ വൈറസ് പറക്കും" എന്ന യാഥാർത്ഥ്യം മൃഗീയമായ ഒരു തട്ടിയുണർത്തലായിട്ടല്ലേ നമുക്ക് അനുഭവപ്പെട്ടിരിക്കുന്നത്?

പ്രിയ ദൈവജനമേ, ഉണരുവീൻ, നമുക്കുവേണ്ടിയും നമ്മുടെ മക്കൾക്കുവേണ്ടിയും ബന്ധുമിത്രാദികൾക്കുവേണ്ടിയും നമ്മുടെ കൂട്ടുസഹോദരീസഹോദരന്മാർക്കു വേണ്ടിയും ഭൂലോകമെമ്പാടുമുള്ള ദൈവജനത്തിനു വേണ്ടിയും, സർവ്വോപരി മാനവജാതിക്കുവേണ്ടിയും കരഞ്ഞു പ്രാർത്ഥിക്കാം. നമ്മുടെ അസൂയയും കുശുമ്പും ദ്രവ്യാഗ്രഹവും സ്പർദ്ധയും സ്ഥാനമാനങ്ങൾക്കുവേണ്ടിയുള്ള അത്യാർത്തിയും എല്ലാം വെടിഞ്ഞ്, നമ്മെത്തന്നെ ഏറ്റവും വിനയപ്പെടുത്തി കർത്താവിന്റെ പാദാരവിന്ദങ്ങളിൽ വീഴാം. നമ്മുടെ കർത്താവിന്റെ വരവ് ഏറ്റവും ആസന്നമായിരിക്കുന്നു.

*ജോർജ് ജോൺ*
*ഗസ്റ്റ് എഡിറ്റർ*

## പ്രത്യേക ശ്രദ്ധയ്ക്ക്

കൊവിഡ്-19 മഹാമാരിയോടനുബന്ധിച്ച് സർക്കാരുകൾ പ്രഖ്യാപിച്ച ലോക്ക്ഡൗൺ കാലഘട്ടത്തിൽ ക്രൈസ്തവ വനിതാ ഓഫിസും അടച്ചിട്ടിരുന്നതിനാൽ മെയ്-ജൂൺ ലക്കം വനിതയുടെ പ്രസാധനവും പ്രസിദ്ധീകരണവും അപ്രതീക്ഷിതമായി വൈകിയതിൽ ഞങ്ങൾക്കുള്ള ഖേദം പങ്കുവയ്ക്കട്ടെ. തുടർന്നുള്ള ലക്കങ്ങൾ കൃത്യഇടവേളകളിൽ പ്രസിദ്ധീകരിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. അനുവാചകരുടെ അതിരില്ലാത്ത സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

കാലിക പ്രസക്തിയുള്ള ഈടുറ്റ ലേഖനങ്ങൾ അനുവാചകരിൽ നിന്നും പ്രതീക്ഷിക്കുന്നതോടൊപ്പം നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾക്കു വിലപ്പെട്ടതാണ്. അവ ദയവായി അയയ്ക്കണമെന്നു അഭ്യർത്ഥിക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്ന ലേഖനങ്ങളും അഭിപ്രായങ്ങളും സ്ഥലസൗകര്യം പോലെ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

ചീഫ്എഡിറ്റർ

# ബലം ദൈവത്തിനുള്ളത്

ജെസി ബെൻസെൻ, കൊച്ചി



''**ബ**ലം നിന്നിലുള്ള മനുഷ്യൻ ഭാഗ്യവാൻ; ഇങ്ങിനെയുള്ളവരുടെ മനസ്സിൽ സീയോനിലേക്കുള്ള പെരുവഴികൾ ഉണ്ട്'' (സങ്കീ 84: 5) എന്നു കോരഹുപുത്രന്മാരും "ബലം ദൈവത്തിന്നുള്ളതെന്നു ദൈവം ഒരിക്കൽ അരുളിച്ചെയ്തു. ഞാൻ രണ്ടുപ്രാവശ്യം കേട്ടുമിരിക്കുന്നു" (സങ്കീ 62:11) എന്നു ദാവീദും പറയുന്നു.

ബലം ദൈവത്തിനുള്ളത് എന്നത് ദാവീദിന്റെ ആശയമോ അഭിപ്രായമോ അല്ല. അത് ദൈവം തന്നെ അരുളിച്ചെയ്തതും ദാവീദ് രണ്ടുവട്ടം കേട്ടതുമാണ്. ദാവീദ് ബലത്തിന്റെ ഉടമസ്ഥാവകാശത്തെക്കുറിച്ചാണ് പറയുന്നതെങ്കിൽ കോരഹുപുത്രന്മാർ പറയുന്നത് ദൈവത്തിൽ ബലം കണ്ടെത്തിയ മനുഷ്യനെക്കുറിച്ചാണ്. അതായത്, അവരവരിൽ തന്നെ ബലമുള്ളവരല്ല, ദൈവത്തിൽ ബലമുള്ളവരാണ് ഭാഗ്യവാന്മാരായിരിക്കുന്നത്. എന്തുകൊണ്ടാണ് അവർ ഭാഗ്യവാന്മാരായിക്കുന്നതെന്നും വിശദീകരിച്ചിട്ടുണ്ട്. ഇങ്ങനെയുള്ളവരുടെ മനസ്സിൽ സീയോനിലേക്കുള്ള പെരുവഴികൾ ഉണ്ട്!!

ജീവങ്കലേക്കുള്ള വഴി ഞെരുക്കവഴിയായും നാശത്തിലേക്കുള്ള വഴി വിശാലവഴിയുമായിട്ടാണ് കർത്താവ് തന്റെ ഗിരിപ്രഭാഷണത്തിൽ വെളിപ്പെടുത്തിയത്. ജീവങ്കലേക്കുള്ള വഴി ഞെരുക്കവഴിയാകയാൽ അത് കണ്ടെത്തുന്നവർ ചുരുക്കമായിരിക്കുമെന്നും പറഞ്ഞിരിക്കുന്നു. എന്നാൽ ബലം ദൈവത്തിലുള്ളവരുടെ മനസ്സിൽ സീയോനിലേക്കുള്ള പെരുവഴികളാണുള്ളത്. ജീവങ്കലേക്കുള്ള വഴി ബാഹ്യമായ കാഴ്ചയിൽ ഞെരുക്കവും ഇടുക്കവും ഉള്ളതാണെങ്കിലും ദൈവത്തിൽ ബലം കണ്ടെത്തിയവരുടെ മനസ്സിൽ അവ പെരുവഴികളാണ്. അവരുടെ മനസ്സിൽ ദൈവത്തിന്റെ വഴിക്കു ഇടുക്കമോ ഞെരുക്കമോ അനുഭവപ്പെടുന്നില്ല. അവ ദൈവം അറിയിച്ചു തന്ന വഴികളും ലക്ഷ്യത്തിലേക്കുള്ള പാതയുമാണ്. സ്വർഗ്ഗീയ സീയോനാണ് അവരുടെ ലക്ഷ്യം. അതുകൊണ്ട് തന്നെ, വഴിയുടെ കാഠിന്യം അവരെ ബാധിക്കുന്നതേയില്ല.

വിശ്വാസവീരന്മാരെകുറിച്ച്, അവർ "ദൂരത്തു നിന്നു അത് കണ്ടും അഭിവന്ദിച്ചും ഭൂമിയിൽ തങ്ങൾ അന്യരും പരദേശികളും എന്നു ഏറ്റുപറഞ്ഞും കൊണ്ട്'' എന്നും "അവരോ അധികം നല്ലതിനെ, സ്വർഗ്ഗീയമായതിനെ തന്നേ, കാംക്ഷിച്ചിരുന്നു'' എന്നും (എബ്രാ. 11:13-16) രേഖപ്പെടുത്തിയിരിക്കുന്നതുപോലെ സ്വർഗ്ഗീയ സീയോൻ അധികം നല്ലതായി കണക്കാക്കിയിരുന്നതിനാലാണ് അവർക്കു വഴിയുടെ കാഠിന്യം ലഘുവായി തോന്നി സീയോനിലേക്കുള്ള പെരുവഴികളിലൂടെ സഞ്ചരിക്കാൻ കഴിഞ്ഞത്.

സ്വയത്തിൽ ബലം കണ്ടെത്തുകയും സ്വന്തശക്തിയിലും കഴിവിലും സാമർത്ഥ്യത്തിലും ആശ്രയിക്കയും ചെയ്യുന്നവർക്കു ഭൗമികമായതാണ് അധികം നല്ലതായി അനുഭവപ്പെടുക. അതുകൊണ്ട് തന്നെ ആത്മീയജീവിതവഴി ഞെരുക്കവും ഇടുക്കവും കാഠിന്യവുമുള്ളതായി അനുഭവപ്പെടും. ദൈവത്തിന്റെ അമിതബലത്തിൽ ശക്തിപ്പെടുവാനും ധൈര്യപ്പെടുവാനും കഴിയാത്തതു നിമിത്തം ദൈവത്തിന്റെ വഴി അവർക്കു അസഹനീയമായിരിക്കും.

*ശേഷം 13-ാം പേജിൽ*

# കുടുംബം ഒരു പാഠശാല



എൽസി ബേബി, ന്യൂ യോർക്ക്

“ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷനുള്ള കാലം” ഇതൊരു പഴഞ്ചൊല്ലല്ല യാഥാർത്ഥ്യം മാത്രമാകുന്നു. ഒരു “ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നത് എങ്ങനെ?” എന്ന ചോദ്യത്തിന്റെ ഉത്തരം “നിന്റെ (ദൈവത്തിന്റെ) വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നേ!” ഇന്നു സമൂഹത്തിൽ കാണുന്ന സകല അധർമ്മങ്ങൾക്കും, അകൃത്യങ്ങൾക്കും, ലംഘനങ്ങൾക്കും കാരണം, ചില ദുഃശീലങ്ങൾക്കടിമയാക്കപ്പെട്ടതുമൂലമാകുന്നു എന്നതിനു സംശയമില്ല. മനുഷ്യഹൃദയങ്ങളിൽ ശൈശവപ്രായം മുതലേ തന്നെ പാകിയ കയ്പ്പേറിയ വിത്തുകൾ മുളച്ചു വളർന്നു പന്തലിച്ച് ഫലം കായ്ക്കുന്നത് അവർ പ്രായപൂർത്തിയാകുമ്പോഴാകുന്നു. കൊലക്കുറ്റത്തിന് ജയിലിലടയ്ക്കപ്പെട്ട ഒരു യുവാവിനെ തൂക്കികൊല്ലാൻ വിധിയായി. മരണത്തിനു മുമ്പ് അവൻ എന്താണ് ആഗ്രഹം എന്നു ചോദിച്ചപ്പോൾ ‘എന്റെ മാതാപിതാക്കളെ ഒന്നു കാണണം” എന്നാവശ്യപ്പെട്ടതനുസരിച്ച് അവന്റെ മാതാപിതാക്കൾ വന്നു. അവർ മാറത്തടിച്ചു കരഞ്ഞുംകൊണ്ട് അവനെ ശിക്ഷയ്ക്കു വിധിച്ച ജഡ്ജിയേയും, വക്കീലിനേയും പോലീസുകാരേയും മറ്റധികാരികളേയും നോക്കി “നിങ്ങൾ യാതൊരു കുറ്റവും ചെയ്യാത്ത ഞങ്ങളുടെ മകനെ ഇപ്രകാരം കൊലക്കുറ്റം ചുമത്തിയില്ലേ?” എന്നു പറഞ്ഞപ്പോൾ ആ മകൻ പറഞ്ഞത് “ ഇവരാരുമല്ല നിങ്ങൾ മാത്രമാണ് എന്റെ ഈ വിധിക്കു കാരണക്കാർ! ഞാൻ 5-ാം ക്ലാസിൽ പഠിക്കുമ്പോൾ തെറ്റു ചെയ്തതിന് ടീച്ചർ എന്നെ അടിച്ചതിന്റെ പേരിൽ നിങ്ങളെല്ലാവരും കൂടെ സ്കൂളിൽ വന്ന് ടീച്ചറിന്റെ പേരിൽ പരാതിപ്പെടുകയും പോലീസിൽ പരാതികൊടുത്ത് ആ ടീച്ചറിനെ ശിക്ഷിച്ചതോർക്കുന്നുണ്ടോ? അന്നു മുതൽ ഞാൻ പുകവലി ആരംഭിച്ചു. മദ്യപാനം തുടങ്ങി, കോളേജിലായപ്പോൾ മയക്കുമരുന്നിന്നടിമയായി, സ്ത്രീകളുമായി ലൈംഗികബന്ധം തുടങ്ങി ക്രമേണ പണത്തിനു വേണ്ടി കള്ളം പറഞ്ഞും, മോഷണം ചെയ്തും ഞാനൊരു കൊലയാളിയായി മാറി. പലരും എന്നെ വിധിച്ചു ഇന്ന് കൊലമരത്തിനർഹനായി. ഇതിന്നൊക്കെ കാരണം നിങ്ങൾ മാത്രമാകുന്നു. മറ്റാരേയും കുറ്റം പറയരുത്. ഈ വാക്കുകൾ കേട്ട് ആ മാതാപിതാക്കൾ ലജ്ജിച്ചു ദുഃഖിച്ചു. വല്ല ഫലവും ഉണ്ടോ? ശൈശവപ്രായം മുതലേ തന്നെ കുഞ്ഞുങ്ങൾ തെറ്റും ശരിയും എന്താണെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. തെറ്റുകൾക്കുശാസനയും ശിക്ഷയും ശിക്ഷണവും നല്കുന്നതോടൊപ്പം ശരികൾക്കു വേണ്ട പ്രശംസയും പ്രോത്സാഹനവും നല്കി വേണം കുഞ്ഞുങ്ങളെ വളർത്തുവാൻ. കുഞ്ഞുങ്ങളുടെ ശിക്ഷണത്തിലും, ശിക്ഷകളിലും മാതാപിതാക്കൾ ഒന്നിച്ച് ഐകമത്യപ്പെട്ടിരിക്കയും എല്ലാം തികഞ്ഞ സ്നേഹത്തിലൂടെയും ആയിരിക്കണം. പല പ്രാവശ്യം ഒരു സ്വഭാവം ആവർത്തിക്കുമ്പോൾ അതു ശീലമായി തീരുന്നു. ഒരാളുടെ വ്യക്തിത്വം എന്നത് അയാളുടെ സ്വഭാവത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. കുഞ്ഞുങ്ങളുടെ സ്വഭാവ രൂപീകരണം ശൈശവപ്രായം മുതലേ ആരംഭിക്കേണ്ടതാകുന്നു. അതിൽ വന്നിട്ടുള്ള പാകപ്പിഴകളാണ് പില്ക്കാലങ്ങളിൽ സാമൂഹ്യവിരുദ്ധ പ്രവൃത്തികളായി വെളിപ്പെടുന്നത്. നന്മതിന്മകളെ വിവേചിക്കാനുള്ള ബുദ്ധി ദൈവം നമുക്കു നല്കിയിട്ടുണ്ട്. അവ വിവേചിച്ചറിഞ്ഞു പ്രവർത്തിപ്പാനുള്ള

കഴിവ് ശൈശവപ്രായം മുതലേ തന്നെ കുഞ്ഞുങ്ങളിൽ വളർത്തി എടുക്കാനുള്ള ചുമതല മാതാപിതാക്കൾക്കുണ്ട് എന്ന വസ്തുത മറന്നുകൂടാ. കുഞ്ഞുങ്ങളെ സ്നേഹിക്കണം. നമ്മുടെ മക്കൾ ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവരും ഉന്നതവേതനം ലഭിക്കുന്ന ഉദ്യോഗസ്ഥരാകണമെന്നും ആഗ്രഹിക്കുന്നതിനേക്കാൾ ഉപരി അവർ സമൂഹം മാനിക്കുന്ന നല്ലവരും, മാന്യരും, നന്മ ചെയ്യുന്നവരുമായി വളരണം എന്ന ആഗ്രഹത്തോടെവേണം അവരെ വളർത്തി വലുതാക്കാൻ. അതോടൊപ്പം തന്നെ മാതാപിതാക്കൾ കുഞ്ഞുങ്ങൾക്കു നല്ല മാതൃക കാണിച്ചു കൊടുത്തുവേണം വളർത്തുവാൻ. മാതാപിതാക്കളുടെ സ്നേഹവും, വാത്സല്യവും, സദുപദേശങ്ങളും ലഭിച്ചു വളരുന്ന കുഞ്ഞുങ്ങൾ തങ്ങളുടെ മാതാപിതാക്കളെ അനുകരിച്ചായിരിക്കും വളരുന്നത്. ശൈശവ പ്രായം മുതൽ മാതാപിതാക്കൾ തമ്മിൽ തമ്മിൽ വഴക്കിടുന്നതും, അന്യോന്യം പഴി ചാരി ദുഷിച്ച വാക്കുകളുപയോഗിച്ചു ശണ്ഠ കൂടുന്നതും കണ്ടു വളരുന്ന കുഞ്ഞുങ്ങൾ അതു തന്നെ സമൂഹത്തിലും പ്രവർത്തിച്ചെന്നു വരും. 'കൂടുമ്പോൾ ഇമ്പം' എന്നർത്ഥമുള്ള കുടുംബ ജീവിതത്തിലെ സാഹചര്യം കുഞ്ഞുങ്ങൾക്കു പഠിച്ചു വളരുവാനുള്ള പാഠശാലയാകുന്നു. മാതാപിതാക്കളാണ് അവരുടെ പ്രാരംഭ അദ്ധ്യാപകർ. ഈശ്വര ഭക്തി, ഈശ്വരവിശ്വാസം, ഈശ്വരാരാധന ഇവ അടിസ്ഥാനമിട്ടു പണിതുയർത്തുന്ന മന്ദിരമായിരിക്കണം ഏതൊരു ഭവനവും. അന്യോന്യം സ്നേഹിച്ചും, ആദരിച്ചും, അനുസരിച്ചും, സഹായിച്ചും കഴിയുന്ന മാതാപിതാക്കളെ കണ്ടുവളരുന്ന കുഞ്ഞുങ്ങൾ സമൂഹത്തിലുള്ളവരെ അതുപോലെ കരുതി മാനിച്ചു സഹായിച്ചു മാതൃകയുള്ളവരായി കാണപ്പെടും.

മാതാപിതാക്കളുടെ സാമീപ്യവും, സാന്നിദ്ധ്യവും, മാതൃകകളും ആവശ്യാനുസരണം ലഭിക്കാതെ വളരുന്ന കുഞ്ഞുങ്ങളുടെ ഹൃദയങ്ങളിൽ വിദ്വേഷവും, കോപവും, പ്രതികാരബുദ്ധിയും ശൈശവ പ്രായം മുതലേ വേരുറയ്ക്കും. അവർ യൗവ്വനത്തിലേക്ക് പ്രവേശിക്കുമ്പോൾ മദ്യപാനം, മയക്കുമരുന്നുകൾ എന്നിവയ്ക്കടിമകളാകയും, കാണുന്നവരോടൊക്കെ പ്രതികാരേഛ വെളിപ്പെടുത്തി സാമൂഹ്യവിരുദ്ധ പ്രവൃത്തികൾക്കടിമകളാകയും ചെയ്യും. എത്ര ബദ്ധപ്പാടുള്ള ഉദ്യോഗസ്ഥരായ മാതാപിതാക്കളായാലും കുഞ്ഞുങ്ങളോടൊത്തു വിനോദിക്കയും, സല്ലപിക്കയും, ആശയവിനിമയം ചെയ്കയും കുഞ്ഞുങ്ങളുടെ ആത്മീകവും ധാർമ്മികവുമായ വിഷയങ്ങളിൽ ശ്രദ്ധ ചെലുത്തുകയും വേണം. കുഞ്ഞുങ്ങളിൽ ഏതെങ്കിലും ദുഃശീലം കണ്ടാൽ ഒരിക്കലും മറച്ചു വയ്ക്കാതെ മുളയിലേ തന്നെ നുള്ളിക്കളയുക. അല്ലാഞ്ഞാൽ മേലുദ്ധരിച്ച കഥയിലെ യുവാവിനേപ്പോലെയുള്ള അന്ത്യം കാണേണ്ടി വരും എന്നോർക്കുക. തിന്മയെ തിന്മയായിത്തന്നെ കാണുക, തിരുത്തുക, നന്മയിലേക്കു നടത്തുക. "തിന്മക്കു നന്മ എന്നും നന്മക്കു തിന്മ" എന്നും കരുതുന്നതു ശരിയാകയില്ല. പ്രത്യേകിച്ച് യൗവ്വന പ്രായമായ മക്കൾ ഏതെങ്കിലും ദുഃശീലമുള്ളവരാണെന്ന് ആരെങ്കിലും, പറഞ്ഞാലൊ, സ്വയം കണ്ടാലൊ, അത് ഗൗരവമായിത്തന്നെ കണക്കാക്കി സ്നേഹത്തിന്റേയും സൗമ്യതയുടേയും ആത്മാവിൽ അവരെ തിരുത്തി നേർവഴിയിലാക്കുക. വിവാഹ പ്രായമാകുന്നതിന്നു മുമ്പേ തന്നെ തങ്ങളുടെ 'തുണ'യ്ക്കു വേണ്ടി പ്രാർത്ഥിക്കയും,"വിവാഹം മാന്യവും, കിടക്ക നിർമ്മലവുമായിരിക്കണമെന്നും കുഞ്ഞുങ്ങളെ പഠിപ്പിക്കയും ചെയ്യുക. യൗവ്വന മോഹങ്ങളിലുടലെടുക്കുന്ന കാമവികാരങ്ങളെ അടക്കി സത്യസന്ധമായതും, നിലനില്ക്കുന്നതും, പരിശുദ്ധവുമായ വിവാഹജീവിത യാഥാർത്ഥ്യങ്ങളെ യുവതീയുവാക്കന്മാർ നന്നായി മനസ്സിലാക്കീട്ടു വേണം വിവാഹ ജീവിതത്തിലേക്കു പ്രവേശിക്കുവാൻ എന്ന യാഥാർത്ഥ്യം മക്കളെ പഠിപ്പിക്കുക. അതേ സംബന്ധിച്ചു എഴുതുവാനിടം പോരാ. കുടുംബം ഒരു യഥാർത്ഥ പാഠശാലയാക്കി നല്ല നല്ല തലമുറകളെ വാർത്തെടുക്കുന്ന തറവാടാക്കി മാറ്റുക.

❑

# വാത്സല്യത്തോട് ചേർത്തു പിടിച്ചവൻ

എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ



വിശുദ്ധ വേദപുസ്തകത്തിൽ ലൂക്കൊസിന്റെ സുവിശേഷം 15: 11 ൽ ഇപ്രകാരം നാം വായിക്കുന്നു. ഒരു മനുഷ്യന് രണ്ടു പുത്രന്മാരുണ്ടായിരുന്നു. അവരിൽ ഇളയവൻ അപ്പനോട്, അപ്പാ, വസ്തുവിൽ എനിക്കു വരേണ്ടുന്ന പങ്ക് തരണമെയെന്നു പറഞ്ഞു. അവൻ അവർക്കു മുതൽ പകുത്തുകൊടുത്തു. ഏറെ നാൾ കഴിയും മുമ്പേ ഇളയമകൻ സകലവും സ്വരൂപിച്ച് ദൂരെ ദേശത്തേക്ക് യാത്രയായി. അവിടെ ദുർന്നടപ്പുകാരനായി ജീവിച്ചു. സ്വത്ത് ധൂർത്തടിച്ചു കളഞ്ഞു.

എന്നാൽ പാപിയായ മനുഷ്യന്റെ തിരിച്ചു വരവിനുവേണ്ടി കാത്തിരിക്കുന്ന സർവ്വശക്തനായ ദൈവത്തിന്റെ സ്നേഹത്തിന്റെ അഗാധതയാണ് ധൂർത്തപുത്രനിലൂടെ കർത്താവു നമുക്ക് കാണിച്ചു തരുന്നത്. തുടർന്നുള്ള ഭാഗങ്ങളിൽ ആ പിതാവിന്റെ ഇടപെടലുകൾ ശ്രദ്ധിച്ചാൽ മകൻ തനിക്കു വരേണ്ടുന്ന സ്വത്തിനെക്കുറിച്ചാവശ്യപ്പെട്ടപ്പോൾ യാതൊരു വിസമ്മതവും കൂടാതെ മകനു നല്കുന്ന പിതാവ്. തന്നെയുമല്ല ദൂരെ യാത്രതിരിക്കുന്ന മകനെപ്പറ്റിയും ആ പിതാവ് പരാതിപ്പെടുന്നുമില്ല. സ്നേഹത്തിന്റെ ഉടമയാണാ പിതാവ്. തുടർന്നുള്ള ഭാഗങ്ങളിൽ വായിക്കുന്നു 15:16,17,18

നാളുകൾ കഴിഞ്ഞു. കൈയിലെ പണമെല്ലാം തീർന്നു. ഒരു നേരത്തെ ഭക്ഷണം പോലും ലഭിക്കാത്ത അവസ്ഥ അവനു സുബോധമുണ്ടാകുവാൻ കാരണമായി. പട്ടിണി കിടന്നവശനായ അവൻ തന്റെ അപ്പന്റെ ഭവനത്തെക്കുറിച്ചോർത്തു. പ്രതീക്ഷ നഷ്ടപ്പെട്ടു അത്രക്കു ക്ഷീണിതൻ എന്നാലും തന്റെ മുമ്പിലുള്ള ഭയാനകമായ ഭവിഷ്യത്തുകളെ ഭയപ്പെടാതെ തന്റെ പിതാവിന്റെയരികിലേക്ക് യാത്ര തിരിച്ചു.

മകൻപോയ നിമിഷം മുതൽ അവൻ തിരിച്ചുവരുമെന്നുള്ള പ്രതീക്ഷയോടുകൂടെ ആ സ്നേഹധനനായ പിതാവ് ദൂരത്തേക്ക് കണ്ണു നട്ടിരിക്കുകയായിരുന്നു. തളർന്നവശനായി പ്രാകൃതനായി വരുന്ന മകനെ ദൂരത്തു നിന്നും ആ പിതാവ് കണ്ടു. അവൻ മനസ്സലിഞ്ഞ് ഓടിച്ചെന്ന് തന്റെ മകനെ ചുംബിച്ചു. "മകൻ അപ്പനോട് അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. നിന്റെ മകനെന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ലായെന്നു പറഞ്ഞു". അപ്പോഴും ആ മകനെ കുറിച്ച് പരാതിപ്പെടുകയോ കോപിക്കയോ ചെയ്തില്ല. പകരം മടങ്ങി വന്ന മകനു മേത്തരമായ അങ്കിയും അവന്റെ വിരലിനു മോതിരവും കാലിന് ചെരിപ്പും നല്കുവാൻ തന്റെ ദാസന്മാരോട് കല്പിച്ചു. വീണ്ടും നാം ലൂക്കൊ. 15:24 വായിക്കുന്നു. ഈ എന്റെ മകൻ മരിച്ചവനായിരുന്നു. വീണ്ടും ജീവിച്ചു. കാണാതെ പോയിരുന്നു. കണ്ടുകിട്ടിയിരിക്കുന്നു.

ഇന്ന് ദൈവത്തെ മറന്നുള്ള ദുഷ്ടതയും, അഹന്ത നിറഞ്ഞ പ്രയാണവും അതിന്റെ ഉച്ചകോടിയിലെത്തിയിരിക്കുന്നു. വലിയ പ്രതീക്ഷകളോട് വളർത്തികൊണ്ടുവരുന്ന മക്കൾ വഷളത്തത്തിൽ വീഴുമ്പോൾ സാമൂഹ്യ സാംസ്കാരിക വ്യവസ്ഥിതികളെ നാം പഴിചാരുന്നു. മക്കളുടെ സമുന്നത ഭാവിക്കുവേണ്ടി ഭൗതിക സൗകര്യങ്ങൾ ഒരുക്കി നല്കുമ്പോൾ

അവരുടെ ആത്മീയ വളർച്ചയ്ക്കുവേണ്ട പോഷകങ്ങൾ നല്കാൻ മറന്നു പോകുന്നു. തന്മൂലം തരംകിട്ടുമ്പോൾ വഷളത്തത്തിലേക്ക് അവർ വഴുതിവീഴുന്നു. അവർ ശൈശവം മുതൽ കാണുകയും കേൾക്കുകയും ചെയ്യാത്ത കാര്യങ്ങൾ പൊടുന്നനെ ഉൾകൊള്ളാൻ കഴിയാത്തവരായി നാശത്തിന്റെ അഗാധതയിലേക്ക് വഴുതിവീഴുന്നു. വി. വേദ: സദൃശ 22:6 ൽ നമ്മെ ഓർമ്മിപ്പിക്കുന്നു. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല.

പ്രിയമുള്ളവരെ ഇന്ന് പണത്തിന്റെയും, പ്രതാപത്തിന്റെയും, പെരുമയുടെയും, പാപങ്ങൾ തീർക്കുന്ന മട്ടുപ്പാവിൽ വിരാജിക്കുന്ന നാം അത്യുന്നതനായ ദൈവം നല്കുന്ന ശിക്ഷയെക്കുറിച്ചും, നാശത്തെക്കുറിച്ചുമുള്ള മുന്നറിയിപ്പുകൾ പലപ്പോഴും തള്ളിക്കളയുന്നു. മനുഷ്യനു ലഭിക്കുന്ന പദവിയും പ്രശസ്തിയും സൃഷ്ടിക്കുന്ന ബുദ്ധിയുടെ പ്രമാണങ്ങൾ നമ്മെ രക്ഷിക്കുമെന്നുള്ള അഹന്തയാണ് ദൈവവചനത്തെ നിരാകരിച്ചു ജീവിക്കുവാൻ നമുക്കു പ്രേരണ നല്കുന്നത്. എന്നാൽ ദൈവത്തെ മറന്ന് പാപത്തിന്റെ പെരുവഴികളിലൂടെ ഓടി ദൈവത്തിന്റെ മുന്നറിയിപ്പുകൾ തള്ളിക്കളഞ്ഞ രാജാവിന്റെയും രാജ്യത്തിന്റെയും നാശം യിരെമ്യാപ്രവചനത്തിലൂടെ നമ്മെ ഓർമ്മിപ്പിച്ചുതരുന്നു.

പാപപങ്കിലമായ നമ്മുടെ ജീവിതത്തെ ഉപേക്ഷിച്ച് നമുക്ക് മടങ്ങിവരാം. ദൈവത്തിൽ നിന്നും ദൈവവചനത്തിൽ നിന്നും നമ്മെയകറ്റിക്കളയുന്ന പാപങ്ങളെ നമുക്കു ഉപേക്ഷിക്കാം. കരുണാസമ്പന്നനായ ദൈവത്തോട് നമ്മുടെ പാപങ്ങൾ ഏറ്റുപറയുമെങ്കിൽ അവൻ നമ്മുടെ പാപങ്ങൾ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ വാത്സല്യത്തോടു ചേർത്തു പിടിക്കും. സകല പ്രവൃത്തികളിലും വിശുദ്ധരാകാം നമുക്ക്. അജ്ഞാനകാലത്തെ മോഹങ്ങളെ മാതൃകയാക്കാതിരിക്കാം, ലോകത്തിന്റെ സ്നേഹിതരാകാതിരിക്കാം. ദുരാഗ്രഹങ്ങളിൽ നിന്നും മോചനം നേടാം. നമ്മുടെ ഭൗമിക സ്വഭാവങ്ങള മരവിപ്പിക്കാം. വഷളത്തം വിട്ടുകളയാം- വചനം ഹൃദയത്തിലാക്കാം. ലഭിച്ച സത്യത്തിൽ ഉറച്ചു നില്ക്കാം. വിളിയും തിരഞ്ഞെടുപ്പും ഒന്നു കൂടി ഉറപ്പാക്കാം.

ദൈവത്തിന്റെ സന്നിധിയിലേക്ക് ഇടവിടാതെ മനസ്സു പകരുന്ന അതി വിശുദ്ധമായ അവസ്ഥയിലേക്ക് മടങ്ങിവരാം. ഈ അവസ്ഥയാണ് ആന്തരിക പരിവർത്തനം ഇതാണ് മടങ്ങിവരവ് ഇതിനെ മാനസാന്തരമെന്നു പറയുന്നു. ധൂർത്തപുത്രൻ സകലവും ഉപേക്ഷിച്ചു തിരിച്ചു വന്നതുപോലെ നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെയടുത്തേക്ക് നമുക്കും മടങ്ങിവരാം. ദൈവത്തിൽ നിന്നും ദൈവവചനത്തിൽ നിന്നും നമ്മെയകറ്റികൊണ്ടിരിക്കുന്ന സംസാരങ്ങൾ, പ്രവൃത്തികൾ ചിന്തകൾ, നോട്ടങ്ങൾ, കൊടുക്കവാങ്ങലുകൾ, നിരൂപണങ്ങൾ നമുക്കുപേക്ഷിക്കാം. യേശുവിലേക്ക് നമുക്ക് മടങ്ങിവരാം. അനുതപിക്കാം, പാപപങ്കിലമായ ജീവിതത്തെ പാടെ ഉപേക്ഷിക്കാം. ആ പിതാവ് വാത്സല്യത്തോടെ നമ്മെ ചേർത്തുപിടിക്കും.

നമ്മുടെ പാപങ്ങൾ എത്ര കടുംചുവപ്പായിരുന്നാലും ഹിമംപോലെ വെണ്മയാക്കുന്ന ദൈവസ്നേഹത്തിലേക്കു തിരിച്ചുവരാം. നമ്മുടെ പിതാവ് നമ്മെ നോക്കികൊണ്ടിരിക്കുന്നു. സ്നേഹവാനായ ദൈവത്തിന്റെ അനുഗ്രഹങ്ങൾ പ്രാപിച്ചശേഷം തന്നെ മറന്ന് പാപത്തിന്റെ പെരുവഴിയിലൂടെ ഓടുന്ന മക്കളുടെ തിരിച്ചുവരവിനുവേണ്ടി ക്ഷമയോട് കാത്തിരിക്കുന്ന കരുണാസമ്പന്നനായ ദൈവത്തിന്റെ അവർണ്ണനീയമായ സ്നേഹം നമുക്കായി ജീവനർപ്പിച്ച യേശുവിലൂടെ നാം തിരിച്ചറിയണം. നാം മടങ്ങിവരുമെങ്കിൽ ആ പിതാവ് നമ്മെ വാത്സല്യത്തോടെ ചേർത്തുപിടിക്കും. എന്തിന്? എപ്പോൾ? എന്ന ചോദ്യമില്ല. എല്ലാം ഏറ്റുപറഞ്ഞ് ആ പാദപീഠത്തിലേക്ക് നമുക്കു വരാം. അതിനായി നമ്മെ ഓരോരുത്തരെയും കരുണാനിധിയായ കർത്താവ് സഹായിക്കട്ടെ യെന്നുള്ള പ്രാർത്ഥനയോടുകൂടി നിർത്തുന്നു. ❑

# വയോജനങ്ങളെ അവഗണിക്കരുത്



മോളിക്കുട്ടി ചാക്കോ, കണ്ണൂർ

**വ**യോജനങ്ങളെ അവഗണിക്കരുത്; അവരെ സംരക്ഷിക്കുന്നത് ഓരോരുത്തരുടെയും കടമയാണ്.

മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ; അതു ന്യായമല്ലോ. "നിനക്കു നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക" എന്നതു വാഗ്ദത്തത്തോടുകൂടിയ ആദ്യകല്പനയാകുന്നു (എഫെ. 6:1,2). കൂട്ടുകുടുംബങ്ങൾ മാറി ഇന്ന് എവിടെയും ന്യൂക്ലിയർ (അണുകുടുംബം) കുടുംബങ്ങളാണ്. കൂട്ടുകുടുംബത്തിൽ ഒരു പരിധിവരെ എല്ലാവർക്കും സംരക്ഷണവും ആദരവും ഉണ്ടായിരുന്നു. കൂട്ടുകുടുംബത്തിലെ കാരണവന്മാർക്കു ഒഴികെ മറ്റുള്ളവർക്ക് സാമൂഹ്യമായി വലിയ ബന്ധം ഇല്ലായിരുന്നു. ഇന്നു ഉപജീവനത്തിനുവേണ്ടി മനുഷ്യർ ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്ക് പൊയ്കൊണ്ടിരിക്കുന്നു. പട്ടണങ്ങളിൽ താമസിക്കുന്നവർക്കു തങ്ങളുടെ അയൽക്കാർ ആരെന്നു നിശ്ചയമില്ല. ഭാര്യയും ഭർത്താവും ഒന്നോ രണ്ടോ കുട്ടികളുമടങ്ങിയതാണ് ഇന്നത്തെ കുടുംബം. എന്നാൽ മുതിർന്നവരെ ബഹുമാനിക്കുക, വൃദ്ധരെ ശുശ്രൂഷിക്കുക തുടങ്ങിയവ കുടുംബങ്ങളുടെ പാവനമായ ചുമതലയായിരുന്നു. എന്നാൽ ഇന്ന് കുടുംബത്തിലെ ദുർബലരെയും വൃദ്ധരെയും അഗതി മന്ദിരങ്ങളിലാക്കുന്നു. ധനികർ അഗതി മന്ദിരത്തിലെ പ്രവർത്തകരെ ശമ്പളം നല്കി മാതാപിതാക്കളെ ശുശ്രൂഷിക്കാൻ ഏല്പിക്കുന്നു. ഇന്ന് അഗതി മന്ദിരങ്ങൾ കൂണുപോലെ മുളച്ചിരിക്കുന്ന കാലമാണ്.

കൂട്ടുകുടുംബങ്ങളുടെ തകർച്ചയാണ് കാരണം. ഉത്പത്തിപുസ്തകം വായിച്ചാൽ അബ്രഹാമിന്റെ കുടുംബം കൂട്ടുകുടുംബം ആണെന്നു കാണുവാൻ കഴിയും. അബ്രഹാം ദൈവത്തിന്റെ കല്പനപ്രകാരമാണ് ജീവിച്ചത്. കുടുംബത്തിൽ ദൈവസ്നേഹം ഇല്ലാത്തതു കൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നത്. ദിനന്തോറും പത്രങ്ങൾ വായിച്ചാൽ മാതാപിതാക്കന്മാരോട് മക്കൾ കാണിക്കുന്ന അവഗണന എത്രമാത്രമാണെന്ന് മനസ്സിലാക്കാൻ കഴിയും. രക്ഷിക്കപ്പെട്ടവരുടെ ഇടയിലും ഇപ്രകാരം നടക്കുന്നുണ്ട്. നമ്മുടെ മക്കളെ ചെറുപ്പം മുതൽ എല്ലാവരെയും സ്നേഹിക്കുവാനും, ആദരിക്കുവാനും പ്രാർത്ഥിക്കുവാനും മാതാപിതാക്കളെ സ്നേഹിക്കുവാനും പഠിപ്പിക്കണം എങ്കിൽ മാത്രമേ നാം പ്രായമാകുമ്പോൾ അവർ നമ്മെ സംരക്ഷിക്കുകയുള്ളൂ. അവർക്കും ഈ അവസ്ഥയുണ്ടാകുമെന്നു ബോദ്ധ്യപ്പെടുത്തണം.

''മുതിർന്നവരെ ബഹുമാനിക്കുക എന്നത് ഓരോ കുട്ടിയിലും വേരുന്നേണ്ട നല്ല ഗുണങ്ങളിലൊന്നാണ്''. കേരളത്തിൽ ഇന്ന് വൃദ്ധസദനങ്ങൾ സാധാരണമായിക്കഴിഞ്ഞു. വാർദ്ധക്യത്തിന്റെ അവശതകളിൽ തുണയാകേണ്ടതിനു പകരം അച്ഛനമ്മമാരെയും, ബന്ധുക്കളെയും നട തള്ളുന്ന വാർത്തകൾക്കു പഞ്ഞമില്ല. സ്നേഹവും കടപ്പാടുമില്ലാതെ അവനിലേക്കു മാത്രം ചുരുങ്ങുന്ന പുതിയ തലമുറയ്ക്ക് മാതാപിതാക്കൾ ഭാരമായി മാറുന്നു എന്നത് ഒരു കാരണം മാത്രമാണ്. മക്കളുടെ സംരക്ഷണവും കരുതലും സ്നേഹവും കൊതിക്കുന്നവരാണ് മാതാപിതാക്കളെല്ലാം തന്നെ. അതുകൊണ്ട് വൃദ്ധസദനങ്ങളിലേക്കുള്ള യാത്ര അവർക്കു സമ്മാനിക്കുന്നത് അരക്ഷിതത്വവും വേദനയും മാത്രമാവും. അണുകുടുംബത്തിലെ ചില സത്യങ്ങൾ കണ്ടില്ലെന്നു വെക്കാനുമാവില്ല. മെച്ചപ്പെട്ട ജോലിയും

ജീവിതസാഹചര്യങ്ങളും തേടി നാടും വീടും വിടേണ്ടി വരുന്നവർ നമ്മുടെ രാജ്യത്ത് കുറവല്ല. വൃദ്ധസദനങ്ങൾ എന്നത് ചിലപ്പോഴൊക്കെ അനിവാര്യതയായി മാറുന്നത് അപ്പോഴാണ്. വീട്ടിലെ മുതിർന്നവരെല്ലാം ജോലിക്കു പോകുമ്പോൾ പ്രായമായവർ ഒറ്റയ്ക്കാവുന്നതും ഇപ്പോൾ സാധാരണ കാഴ്ചയാണ്. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാനുള്ള ഓട്ടത്തിനിടയിൽ നിവൃത്തികേടുകൊണ്ട് ഇങ്ങനെ ചെയ്യേണ്ടിവരുന്നവരാണ് പലരും. എന്നാൽ അച്ഛനമ്മമാരെ ഭാരമായികണ്ട് റോഡരികിലും ആരാധനാലയങ്ങളിലും ആശുപത്രികളിലും ഉപേക്ഷിച്ചു പോവുന്ന മനുഷ്യത്വമില്ലാത്തവരും കുറവല്ല. ഇവിടെയാണ് സർക്കാരും നീതിനിർവ്വാഹണ സംവിധാനങ്ങളും അനുധാവനതയോടെ ഇടപെടേണ്ടത്. മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കൾക്കു തടവും പിഴയുമടക്കമുള്ള ശിക്ഷ ഉറപ്പുവരുത്തുന്നതിനായി 2007 ൽ നിയമം നിലവിൽ വന്നു വയോജന സംരക്ഷണ നിയമം.

വർഷങ്ങൾക്കുമുമ്പ് മലയാള മനോരമ പേപ്പറിന്റെ ചിന്താവിഷയത്തിൽ നിന്നു വായിച്ച ഒരു വൃദ്ധപിതാവിന്റെ കഥയാണിത്. അത് ഇപ്രകാരമാണ് "മകനേ, ഈ പെട്ടി സൂക്ഷിച്ച് വെക്കണം" ജീവിതകാലം മുഴുവനും കൃഷിപ്പണി ചെയ്ത് കുടുംബം പുലർത്തിയ ഒരു വൃദ്ധന്റെ കഥയാണിത്. രോഗങ്ങൾ കാരണം ജോലിചെയ്യാൻ വൃദ്ധന് വയ്യാതായിരിക്കുന്നു. മകനാണ് ഇപ്പോൾ പാടത്ത് പണിയെടുക്കുന്നത്. ഒരു ദിവസം മകൻ വെയിലേറ്റ് പണിയെടുത്ത് ക്ഷീണിച്ചു നില്ക്കവെ വീട്ടിലേക്കു നോക്കി. അപ്പോൾ അച്ഛൻ കോലായിൽ ഇരിക്കുന്നത് കണ്ട് മകന് ദേഷ്യം വന്നു. വൃദ്ധനായ അച്ഛനെകൊണ്ട് ഒരു ഉപകാരവുമില്ല. മൂന്നു നേരം ഭക്ഷണം കഴിച്ച് വെറുതെ ഇരിക്കുന്നുവെന്ന് മാത്രമല്ല രോഗചികിത്സയ്ക്ക് പണവും ചെലവാക്കേണ്ടിവരുന്നു. അന്ന് രാത്രി മകൻ ഒരു നീളൻ മരപ്പെട്ടി ഉണ്ടാക്കി ഉറങ്ങുകയായിരുന്ന അച്ഛനെ പെട്ടിയിൽ കിടത്തി മുടി ആണി തറച്ച് ആരും കാണാതെ പുറത്തേക്കു കൊണ്ടുപോയി. പെട്ടി ഒരു കയറിൽ കെട്ടി വലിച്ചിഴച്ച് കുന്നിൻ നെറുകയിലേക്ക് തള്ളിക്കയറ്റി കുന്നിനു മുകളിൽ നിന്ന് താഴെ പാറക്കൂട്ടങ്ങൾക്കിടയിലേക്ക് പെട്ടിയടക്കം അച്ഛനെ തള്ളിയിട്ട് ഉപേക്ഷിക്കുകയാണ് മകന്റെ ലക്ഷ്യം.

പെട്ടിതള്ളിയിടാൻ തുനിയവെ പെട്ടിക്കകത്തു നിന്ന് വൃദ്ധനായ അച്ഛൻ പലകയിൽ മുട്ടുന്നത് കേട്ട മകൻ ശങ്കിച്ചു നിന്നു. അവസാനനിമിഷത്തിൽ ഒളിപ്പിച്ചു വെച്ച നിധിയെക്കുറിച്ചോ മറ്റോ പറയാനായിരിക്കുമോ അച്ഛൻ തട്ടിവിളിക്കുന്നത്. മകൻ ശങ്കയോടു മൂടി മാറ്റി അച്ഛനെ നോക്കി അപ്പോൾ വൃദ്ധനായ അച്ഛൻ പറഞ്ഞു "മകനേ ഈ അച്ഛൻ നിനക്ക് ഒരു ശല്യമായിത്തീർന്നത് കൊണ്ടല്ലേ താഴേക്ക് തള്ളിയിടാൻ പോകുന്നത്? ശരിയാണ് അച്ഛനെ കൊണ്ടു നിനക്ക് ഒരുപകാരവുമില്ല. വൃദ്ധനായ ഞാൻ മരിക്കേണ്ടവൻ തന്നെ അതിന് ഞാൻ ഒരുക്കമാണ്. പക്ഷെ ഈ പെട്ടിയിൽ നിന്ന് എന്നെ പുറത്തേക്കെടുത്ത് തള്ളിയിട്ടോളൂ, എന്നിട്ട് 'ഈ പെട്ടി സൂക്ഷിച്ചു വെക്കണം" നീയും വൃദ്ധനാകുമ്പോൾ നിന്റെ മക്കൾക്ക് ഇത് ആവശ്യമായി വന്നാലോ?

വൃദ്ധനാകുമ്പോൾ സ്വന്തം മക്കളും തന്നോട് ഈവിധം പെരുമാറിയാലുള്ള അവസ്ഥ ആലോചിച്ച് മകൻ വൃദ്ധനായ അച്ഛന്റെ കാല് പിടിച്ച് പൊട്ടിക്കരഞ്ഞുകൊണ്ട് മാപ്പ് അപേക്ഷിച്ചു. പിന്നെ പെട്ടിയിൽ നിന്ന് അച്ഛനെ താങ്ങിയെടുത്തുകൊണ്ട് വീട്ടിലേക്കു മടങ്ങി. വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കാൻ മടിക്കുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. ആധുനിക ജീവിതശൈലി കാരണവും കൂട്ടുകുടുംബ വ്യവസ്ഥ ഇല്ലാതായതിനാലുമാണ് മുതിർന്ന പൗരന്മാരുടെ ക്ഷേമം അവഗണിക്കപ്പെടുന്നത്. നമ്മുടെ നാട്ടിലെ കൂട്ടുകുടുംബം ഒരു സർവ്വ കലാശാലയായിരുന്നു. അവിടെ നിന്നു സ്നേഹബന്ധങ്ങളുടെയും, കടമകളുടെയും, പങ്കുവെക്കലുകളുടെയും മുതിർന്നവരെ ബഹുമാനിക്കുന്നതിന്റെയും ജീവിത പാഠങ്ങൾ പഠിച്ചുകൊണ്ടാണ് ഏവരും വളർന്നുവന്നിരുന്നത്. ഇന്ന് അണുകുടുംബങ്ങളാകുന്ന ദ്വീപുകളിൽ പുറംലോകത്തെ യാഥാർത്ഥ്യങ്ങൾ അറിയാനോ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനോ ഉത്തരവാദിത്വങ്ങൾ നിറവേറ്റി പഠിക്കാനോ സന്ദർഭം നല്കാതെയാണ് കുട്ടികളെ വളർത്തുന്നത്. ഈ


അവസ്ഥയാണ് വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കാതെ ഉപേക്ഷിക്കുന്നവരുടെ എണ്ണം കൂടുന്നത്. ഈ ദുഃസ്ഥിതി വളരാൻ തുടങ്ങിയതോടെയാണ് മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണത്തിനും ക്ഷേമത്തിനുമുള്ള നിയമം നിലവിൽ വന്നത്.

വീട്ടിൽ അതിഥികൾ വരുമ്പോൾ പ്രായമായ അച്ഛനേയും അമ്മയെയും ഒരു മുറിയിലാക്കുന്ന മക്കളെയും മരുമക്കളെയും കണ്ടിട്ടുണ്ട്. ചിലർ കുഞ്ഞുമക്കൾ ഉണ്ടെങ്കിൽ അവരെ നോക്കാൻ ഏല്പിക്കും. അവർ പറയും മക്കളെ നോക്കുവാൻ ആക്കുന്ന ആയമാർക്കു കൊടുക്കുന്ന ശമ്പളത്തിന്റെ അത്രയും ചെലവ് വരില്ല അമ്മയെയും അച്ഛനെയും സംരക്ഷിക്കുവാൻ. അങ്ങനെ ചിലർ അവരെ വീട്ടിൽ നിർത്തുന്നു. വീട്ടിൽ പ്രായമുള്ളവർ ഉണ്ടായാൽ വളരെ സന്തോഷമാണ് എന്ന് ഓർക്കണം. അവർ കുഞ്ഞുങ്ങൾക്കു കുഞ്ഞികഥകൾ പറഞ്ഞു കൊടുത്തും പാട്ടുകൾ പാടികേൾപ്പിച്ചു പഠിപ്പിച്ചു കൊടുക്കുന്നത് കുഞ്ഞുങ്ങൾക്കും മറ്റുള്ളവർക്കും നല്ല സന്തോഷമാണ്. അവർ വീട്ടിലുണ്ടെങ്കിൽ വീടിനൊരു പ്രത്യേക ചൈതന്യമുണ്ട്. ഇങ്ങനെ ചിന്തിക്കുന്നവരും സമൂഹത്തിലുണ്ട്. അച്ഛനോ അമ്മയോ ഒരു ദിവസം വീട്ടിലില്ലെങ്കിൽ ഈ വീട് ഉറങ്ങിപ്പോയപോലെയുള്ള അവസ്ഥയാണുള്ളത്. കൊച്ചുകുട്ടികളും പ്രായമായവരും ഒരു വീടിന്റെ ജീവനാണ്. തന്നെയുമല്ല കൊച്ചുമക്കളുടെ മാനസിക വളർച്ചയ്ക്കും മുത്തച്ഛനും മുത്തശ്ശിയും ഒരു വലിയ അനുഗ്രഹമാണ്. ഇന്ന് പ്രായമായ മാതാപിതാക്കൾ മക്കൾക്ക് ഒരു ഭാരമായിട്ടാണ് തോന്നുന്നത്. കഥകൾ പറഞ്ഞു പാട്ടുകൾ പഠിപ്പിച്ചും സ്വന്ത മക്കളെക്കാൾ ഉപരികൊച്ചുമക്കൾ അവരെ പുറത്താക്കുകയാണ് ചെയ്യുന്നത്. അവർക്കു ഭക്ഷണം കഴിക്കാൻ പാത്രങ്ങൾ വേറെ എല്ലാം എല്ലാം വേറെ. അവർക്കു വൃത്തിയില്ല. ഓരോരോ കാരണങ്ങൾ പറഞ്ഞു വീട്ടിൽ നിന്നും പുറത്താക്കൽ ആണ് ചെയ്യുന്നത്. എന്നാൽ ഇതിനൊക്കെയും ദൈവസന്നിധിയിൽ കണക്കു പറയേണ്ടിവരും. വാർദ്ധക്യവും നരയും ഉള്ള കാലത്തെന്നെ ഉപേക്ഷിക്കരുത് എന്നൊരു വാക്യം വായിക്കുന്നു. ഉപേക്ഷിക്കാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ നാം ഓരോരുത്തരും നമ്മുടെ മക്കളെ വേണ്ടും വണ്ണം പഠിപ്പിക്കണം. ഇങ്ങനെയുള്ള ദുഃസ്ഥിതി ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

തിരുവചനത്തിൽ നിന്നും ചില വാക്യങ്ങൾ കുറിക്കുന്നു. (മർക്കൊസ് 7:10) നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും അപ്പനെയോ അമ്മയെയോ പ്രാകുന്നവൻ മരിക്കണം എന്നു മോശെ പറഞ്ഞു. (സദൃശ. 16:31) നരച്ചതല ശോഭയുള്ള കിരീടമാകുന്നു. നീതിയുടെ മാർഗ്ഗത്തിൽ അതിനെ പ്രാപിക്കും. (സദൃശ 17:6) മക്കളുടെ മക്കൾ വൃദ്ധന്മാർക്കു കിരീടമാകുന്നു. മക്കളുടെ മഹത്ത്വം അവരുടെ അപ്പന്മാർ തന്നേ. (സദൃശ 19:26) അപ്പനെ ഹേമിക്കയും അമ്മയെ ഓടിച്ചുകളകയും ചെയ്യുന്നവൻ ലജ്ജയും അപമാനവും വരുത്തുന്ന മകനാകുന്നു. (സദൃശ. 20:20) ആരെങ്കിലും അപ്പനെയോ അമ്മയെയോ ദുഷിച്ചാൽ അവന്റെ വിളക്കു കൂരിരുട്ടിൽ കെട്ടുപോകും. (സദൃശ 20:29) വൃദ്ധന്മാരുടെ നര അവരുടെ ഭൂഷണം. (സദൃശ 23:22) നിന്നെ ജനിപ്പിച്ച അപ്പന്റെ വാക്കു കേൾക്ക; നിന്റെ അമ്മ വൃദ്ധയായിരിക്കുമ്പോൾ അവളെ നിന്ദിക്കരുത്. (സദൃശ 30:11) അപ്പനെ ശപിക്കയും അമ്മയെ അനുഗ്രഹിക്കാതിരിക്കയും ചെയ്യുന്നോരു തലമുറ! (സദൃശ 30:17) അപ്പനെ പരിഹസിക്കുകയും അമ്മയെ അനുസരിക്കാതിരിക്കയും ചെയ്യുന്ന കണ്ണിനെ തോട്ടരികത്തെ കാക്ക കൊത്തിപ്പറിക്കയും കഴുകിൻ കുഞ്ഞുങ്ങൾ തിന്നുകയും ചെയ്യും. ഇത്രയും വാക്യങ്ങൾ വിശുദ്ധ ബൈബിളിൽ നിന്നുള്ളതാണ്. ഇത് നാം ഓരോരുത്തരും അനുഷ്ഠിക്കേണ്ട കാര്യങ്ങൾ ആണ്. മാതാപിതാക്കന്മാരെ അവഗണിക്കാതിരിക്കുക. അവരില്ലെങ്കിൽ, അവരില്ലാതിരുന്നെങ്കിൽ നമ്മളില്ല. അവരിലൂടെയാണ് നാം വളർന്നത്. പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കുന്നത് ദൈവത്തിന്റെ അനുഗ്രഹമാണ്. "പഴുത്ത പ്ലാവില വീഴുമ്പോൾ പച്ച പ്ലാവില ചിരിക്കും" ഓർക്ക, വല്ലപ്പോഴുമെങ്കിലും നമ്മൾ നമ്മുടെ കുഞ്ഞുങ്ങളോട് ഏതുവിധം പെരുമാറിയോ? അവരും അങ്ങനെ തന്നെ ചെയ്യും. ❑

# മദ്യം വരുത്തിയ വിന

ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം



"യേശു എന്നുള്ളത്തിൽ വന്നനാളിൽ
എന്തു മാറ്റം വന്നു എന്നിൽ
തന്നെ ഞാനുള്ളത്തിൽ ഏറ്റതാലെ"

കുറുക്കു വഴിയിലൂടെ അങ്ങകലെ എരിയുന്ന മണ്ണെണ്ണ വിളക്കിന്റെ പ്രകാശത്തെ ലക്ഷ്യമാക്കിയാണ് ഞാനും എന്റെ ഒരു സഹപ്രവർത്തകനും കൂടി നടന്നു നീങ്ങുന്നത്. ഒരു ടോർച്ചുലൈറ്റ് കൈയിലുണ്ടെങ്കിലും ആവശ്യത്തിനു മതിയാകുന്നില്ല. കൂട്ടുകാരൻ സ്ഥലവാസി ആയതിനാൽ ധൈര്യം അവലംബിച്ചു ഞാൻ നടന്നു. ഞാൻ നന്നേ ക്ഷീണിച്ചു. രാവിലെ തുടങ്ങിയ യാത്രയാണ്. ഹൈറേഞ്ചിലെ ഒരു ചെറിയ ഗ്രാമത്തിലാണെത്തിയിരിക്കുന്നത്. ജയിലിൽവെച്ചു ജീവിതം പുതുക്കി പ്രതിഷ്ഠിച്ച മത്തായിച്ചേട്ടന്റെ കത്തനുസരിച്ച് യോഗത്തിന് പ്രസംഗിക്കുവാനാണ് ഞാൻ പോകുന്നത്. "വല്ല പാമ്പും കാണുമോ സണ്ണിക്കുട്ടാ" എന്നു ഞാൻ ചോദിക്കാതിരിക്കയായിരുന്നു നല്ലത്. "കടുവാ പെറ്റു കിടക്കുന്ന കാടാ, അവിടെ പാമ്പിനെ പേടിക്കേണ്ട'' എന്നുള്ള മറുപടിയാണ് ലഭിച്ചത്. ഒരു മണിക്കൂർ കൂടി നടന്നാൽ വീട്ടിൽ എത്താമെന്നു പറഞ്ഞപ്പോഴാണ് ഞാൻ വാച്ചിൽ നോക്കിയത്. സമയം 7 ആയതേയുള്ളൂവെങ്കിലും 9 മണി രാത്രിയായതിന്റെ ഇരുട്ടുണ്ട്.

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "തടവുകാരെ തേടി" എന്ന പുസ്തകത്തിൽ നിന്നും**

അടുത്ത ഒരു മണിക്കൂറുകൊണ്ട് മത്തായിച്ചേട്ടന്റെ മുൻകാല ചരിത്രം സണ്ണിക്കുട്ടി പറഞ്ഞുതന്നു. നാട്ടിൽ വെച്ചേ കള്ളുകുടിയനായിരുന്നു. തല്ലും കേസും ഒക്കെ ഉണ്ടാക്കി രാത്രി നാടുവിട്ടതാണ്. കാടുവെട്ടിത്തെളിച്ച് കൃഷിയിറക്കി. കാപ്പിയും കൊടിയും കപ്പയും എല്ലാം നട്ടു. വനഭൂമി കൃഷിഭൂമിയാക്കി മാറ്റി. കറുത്ത പൊന്ന് വിളയിച്ചു. മാറ്റങ്ങൾ പലതും വന്നു, വരുത്തി. പക്ഷേ കള്ളുകുടി മാറ്റിയില്ല.

തുമ്പികൈയ്യും കൊട്ടുവടിയും 'കാലി' നു വഴിമാറിക്കൊടുത്തു. അറിയപ്പെടുന്ന കള്ളുകുടിയനായി മത്തായിച്ചേട്ടൻ. വീട് നരകതുല്യമായി. മക്കൾ അനുസരണമില്ലാതെയായി. കണ്ണുനീരായി ഭാര്യയുടെ പ്രതിഫലം. നാട്ടുകാർക്ക് താൻ ശല്യമായി. മലപ്പുറം കത്തി കൊണ്ടുനടക്കുന്നത് നിത്യപതിവാക്കി മാറ്റി. മത്തായിച്ചേട്ടനെ ചട്ടമ്പിമത്തായി എന്ന് താമസിയാതെ വിളി തുടങ്ങി.

ഷാപ്പിലെ കുടി മതിയാകാതെ വരുമ്പോൾ 4 കുപ്പി വാങ്ങിക്കൊണ്ടാണ് വീട്ടിലേക്ക് വരുന്നത്. അന്ന് മക്കളെല്ലാം പൂച്ചയെകാണുന്ന എലിയെപ്പോലെ എവിടെയെങ്കിലും ഒളിക്കും. ലഹരി മൂത്തതിന്റെ പ്രഹരമെല്ലാം ഭാര്യ സഹിക്കണം. ഒരിക്കലത് സംഭവിച്ചു. നിലവിളികേട്ട് അയൽവാസികൾ ഓടികൂടിയപ്പോൾ അന്നച്ചേടത്തി ബോധമില്ലാതെ കിടക്കുന്നു. മക്കൾ നിലവിളിക്കുന്നു. ചിലർ കസേര കൊണ്ടുവന്ന് ആശുപത്രിയിലേക്ക് കൊണ്ടുപോകാൻ തുടങ്ങി. വഴിമദ്ധ്യേ അന്നച്ചേടത്തി അന്ത്യശ്വാസം വലിച്ചു. പള്ളിയിലെ ഗായകസംഘം വന്ന് 'സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു' എന്ന ഗാനം പാടിക്കൊണ്ട് പോസ്റ്റുമോർട്ടം ചെയ്ത ശവശരീരം പള്ളി സെമിത്തേരിയിലടക്കം ചെയ്തു. മത്തായിച്ചേട്ടന്റെ തൊഴികൊ

ണ്ടാണ് അന്നച്ചേടത്തി മരിച്ചതെന്ന സംസാരം ഇന്നും നിലവിലുണ്ട്; വർഷം എട്ടു കഴിഞ്ഞെങ്കിലും. പോലീസ് ലോക്കപ്പിൽ നിന്നും സബ് ജയിലിലേക്കു കൊണ്ടുപോയ മത്തായിച്ചേട്ടനെ ശിക്ഷിച്ച് സെൻട്രൽ ജയിലിലടച്ചു. മക്കൾ മാത്രം വീട്ടിലും.

മദ്യപാനം ഒരാളെ അപമൃത്യുവിനിരയാക്കി
- അന്നച്ചേടത്തി

മദ്യപാനം ഒരാളെ കൊലക്കേസ് പ്രതിയാക്കി
- മത്തായിച്ചേട്ടൻ

മദ്യപാനം ചിലരെ അമ്മയില്ലാതാക്കി
- 7 മക്കളെ

മദ്യപാനം ചിലരുടെ അപ്പനെ ജയിലിലാക്കി
- 7 മക്കളുടെ

ഞങ്ങൾ ആ വീട്ടിലെത്തി. മത്തായിച്ചേട്ടൻ എഴുന്നേറ്റുവന്ന് എന്നെ കെട്ടിപ്പിടിച്ച് സ്വീകരിച്ചു. 15 ആളുകൾ ആ വീട്ടിൽ കൂടിയിരുന്നു. 3-4 പാട്ടുകൾ പാടി. വേദപുസ്തകം വായിച്ചു. മത്തായിച്ചേട്ടൻ തന്റെ അനുഭവം വിവരിച്ചു പറഞ്ഞു. മദ്യപാനത്തിന്റെ കയ്പേറിയ അനുഭവം കണ്ണുനീരോടെ വിവരിച്ചു. “എന്റെ പ്രിയമുള്ളവരേ, നിങ്ങളാരും കള്ളുകുടിക്കരുതെന്നാണെന്റെ അപേക്ഷ” എന്നു പറഞ്ഞശേഷം ശലോമോന്റെ അറിവിൻ വാക്കുകൾ വായിച്ചു:

“ആർക്കു കഷ്ടം, ആർക്കു സങ്കടം, ആർക്കു കലഹം? ആർക്കു ആവലാതി, ആർക്കു അനാവശ്യമായ മുറിവുകൾ, ആർക്കു കൺചുവപ്പ്?”

വീഞ്ഞുകുടിച്ചുകൊണ്ടു നേരം വൈകിക്കുന്നവർക്കും
മദ്യം രുചിനോക്കുവാൻ പോകുന്നവർക്കും തന്നെ.
വീഞ്ഞു ചുവന്നു പാത്രത്തിൽ തിളങ്ങുന്നതും
രസമായി ഇറക്കുന്നതും നീ നോക്കരുത്:
ഒടുക്കം അതു സർപ്പംപോലെ കടിക്കും
അണലിപോലെ കൊത്തും.
നിന്റെ കണ്ണ് പരസ്ത്രീകളെ നോക്കും;
നിന്റെ ഹൃദയം വക്രത പറയും
നീ നടുക്കടലിൽ ശയിക്കുന്നവനെപ്പോലെയും
പാമരത്തിന്റെ മുകളിൽ ഉറങ്ങുന്നവനെപ്പോലെയും ആകും.
അവർ എന്നെ അടിച്ചു, എനിക്കു നൊന്തില്ല;
അവർ എന്നെ തല്ലി, ഞാൻ അറിഞ്ഞതുമില്ല.
ഞാൻ എപ്പോൾ ഉണരും?
ഞാൻ ഇനിയും അതുതന്നെ തേടും എന്നു നീ പറയും” (സദൃ 23:29-35)

“ജയിലിൽവെച്ചു ചെയ്തുപോയ കുറ്റത്തിനു ശിക്ഷ അനുഭവിക്കുമ്പോൾ പല രാത്രികളിലും കണ്ണീരോടെ ഉറങ്ങാതെ കഴിഞ്ഞിട്ടുണ്ട്. താലികെട്ടി കൊണ്ടുവന്ന അന്നയെ ഓർത്ത് ഞാൻ കരഞ്ഞു. മക്കൾ 7 പേരെയും ഓർത്തു ഞാൻ കരഞ്ഞു. ഞാൻ എന്നെത്തന്നെ ശപിച്ചു. എനിക്കു പതിവായി കള്ളുതന്ന ഷാപ്പുകാരനെ ഞാൻ ഓർത്തു. അയാളുടെ കുടുംബം ക്ഷേമമായി ജീവിക്കുന്നു. ഞാനോ തകർന്നു തരിപ്പണമായി. ഞാൻ കേരളത്തിലെ മുഖ്യമന്ത്രി ആയാൽ ആദ്യമായി ചെയ്യുന്ന കാര്യം മദ്യനിരോധനം പാടേ നടപ്പാക്കുക എന്നതായിരിക്കും. എന്റെ പാപത്തെ ഓർത്ത് ഞാൻ കരഞ്ഞു. എന്നോടാരും പൊറുക്കുകയില്ലെന്ന് അറിയാമായിരുന്നു. അമ്മ എവിടെ എന്ന് എന്റെ മക്കൾ ചോദിച്ചാൽ ഞാൻ എന്തുപറയും? എന്റെ പാപത്തിനു പരിഹാരം എവിടെയാണ്? അന്ന ഒടുവിലായി കണ്ണുനീരോടെ പറഞ്ഞതിതാണ്: “നിങ്ങൾ കള്ളുകുടി നിർത്തിക്കാണണമെന്നേ എനിക്കൊരാഗ്രഹം ഈ ഭൂമിയിലുള്ളൂ.” എന്റെ പ്രിയ അന്നേ, ഞാൻ കള്ളുകുടി നിർത്തി. ഇനി തൊടുകയില്ല. പക്ഷെ കാണാനുള്ള നീ ഇല്ലല്ലോ. നീ പുണ്യവതി ആയിരുന്നു. ഈശോ നിനക്കു സ്വർഗം തരും. ഒരു ദിവസം 4 മണി ആയപ്പോൾ ഈ ഇരിക്കുന്ന ഉപദേശി ജയിലിൽ വന്നു പ്രസംഗിച്ചു. പ്രസംഗത്തിന് ഞാനും പോയി ഇരുന്നു. പെന്തിക്കോസാണെന്നാ ഞാൻ ആദ്യം വിചാരിച്ചത്. ആദ്യം അവർ പ്രാർത്ഥിച്ചെന്നാ തോന്നുന്നത്. പിന്നീട് ഒരു പെങ്കൊച്ച് മൈക്കിൽക്കൂടി ഒരു പാട്ട് പാടി.

എന്റെ ഹൃദയത്തിലേക്ക് അത് ഇറങ്ങിവന്നു.

"രക്ഷിതാവിനെ കാൺക പാപി
നിന്റെ പേർക്കല്ലയോ ക്രൂശിന്മേൽ തൂങ്ങുന്നു"

എനിക്കാശ്വാസമായി ചെറുപ്പത്തിൽ കേട്ട പാട്ടാണ്. എന്റെ പേർക്കാണ് മശീഹാ ക്രൂശിൽ മരിച്ച തെന്ന് ഉപദേശി പ്രസംഗത്തിലൂടെ തെളിച്ചു പറഞ്ഞു. ഞാനത് വിശ്വസിച്ചു. അന്ന് എന്റെ പാപവും ഏറ്റുപറഞ്ഞു. യേശു എന്നോട് ക്ഷമിച്ചു. സമാധാനവും സ്വസ്ഥതയുമുണ്ടായി. ചട്ടമ്പി മത്തായി അന്ന് ദൈവമകനായിത്തീർന്നു. ഞാൻ വീട്ടിൽ വന്നയുടനെ മക്കളെ എല്ലാം വിളിച്ച് അവരോട് ക്ഷമ പറഞ്ഞു. നല്ലവനായി ജീവിക്കുവാൻ ആഗ്രഹിക്കുകയാണ്.

മത്തായിച്ചേട്ടൻ നിർത്തിയ ഉടനെ ഞാൻ 15 മിനിട്ട് ചില കാര്യങ്ങൾപറഞ്ഞു. ചിലർക്കെല്ലാം വേണ്ടി പ്രാർത്ഥിക്കണമെന്ന് പറഞ്ഞു; പ്രാർത്ഥിച്ചു. എല്ലാവരും പിരിഞ്ഞു. മത്തായിച്ചേട്ടൻ ഞങ്ങൾക്ക് ചോറുതന്നു. "എല്ലാം ഉണ്ട്, വീട്ടിലെ വിളക്കുമാത്രം കെട്ടുപോയി." എന്ന് സണ്ണിക്കുട്ടി പറഞ്ഞപ്പോൾ, "കെട്ടതല്ല, ഊതിക്കെടുത്തിയതാണ്" എന്ന് നിറമിഴിയോടെ മത്തായിച്ചേട്ടൻ പറഞ്ഞു. "ഞങ്ങളുടെ അപ്പൻ ഒരു പുതിയ മനുഷ്യനാണ്" എന്ന് ആ മക്കൾ പറഞ്ഞു. ഞാൻ സന്തോഷിച്ചു.

പുലർച്ചെ ആയപ്പോഴാണ് എനിക്കുറക്കം വന്നത്. മദ്യപാനം വരുത്തുന്ന വിനകളെ ഞാൻ ഓർത്തു. ആറടി പൊക്കമുള്ള മനുഷ്യൻ ഒരടി പൊക്കമില്ലാത്ത കുപ്പിക്ക് അടിമയാകുന്നതും തുടർന്ന് വരുത്തിക്കൂട്ടുന്ന കെടുതികളുമെല്ലാം ഞാനോർത്തു. 'Liquor' എന്നു പറഞ്ഞാൽ 'Liquid Fire'എന്ന് മനസ്സിലാക്കണമെന്ന ഒരു പണ്ഡിതന്റെ അഭിപ്രായത്തിന് അന്ന് ഞാൻ സമ്മതം മൂളി. പക്ഷെ എന്റെ വായനക്കാരൻ മദ്യത്തിന് അടിമയല്ലായിരിക്കാം. വല്ലപ്പോഴും തമാശിന് കുടിക്കുന്ന ആളായിരിക്കാം. മദ്യം നിങ്ങളെ വഴിതെറ്റിക്കും. കയറിവരുവാൻ കഴിയാത്ത കുഴിയിലിറക്കും. മദ്യം വിഷമാണ്. നിങ്ങൾ മദ്യപാനിയല്ലായിരിക്കാം. മദ്യപാനിയായ ഒരു സുഹൃത്ത് നിങ്ങൾക്കുണ്ടായിരിക്കാം. ആ സ്നേഹിതനെ മദ്യാസക്തിയിൽ നിന്നും പിന്തിരിപ്പിക്കാൻ ശ്രമിക്കുമെങ്കിൽ അതൊരു വലിയ സേവനമായിരിക്കും. നിങ്ങൾ കുടിയനല്ലായിരിക്കും. തെങ്ങും പനയും കള്ളുചെത്തുവാൻ കൊടുക്കുന്നുണ്ടായിരിക്കാം. നിങ്ങളുടെ കെട്ടിടം കള്ളുഷാപ്പ് നടത്തുവാൻ വാടകയ്ക്കു കൊടുക്കുന്നുണ്ടായിരിക്കാം. നിങ്ങളുടെ ആദായം കണ്ണുനീരിന്റെയും ദുഃഖത്തിന്റെയും കൊലപാതകത്തിന്റെയും ഒരു ഓഹരിയാണ് എന്ന് ഞാൻ പറഞ്ഞാൽ ക്ഷമിക്കുമോ? ❑

---

*3-ാം പേജിൽ നിന്നും തുടർച്ച (ബലം ദൈവത്തിനുള്ളത്)*

ബലം ആത്യന്തികമായി ദൈവത്തിനുള്ളതാണ്. പ്രതികാരവും ദൈവത്തിനുള്ളതാണ് (റോമ 12:19). "കർത്താവേ ദയയും നിനക്കുള്ളതാകുന്നു " (സങ്കീ 62:12) എന്നും നാം വായിക്കുന്നു. നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കാനും അവ പ്രാവർത്തികമാക്കുവാനുള്ള പൂർണ്ണ അധികാരവും ദൈവത്തിനു മാത്രമുള്ളതാണ്. സ്വന്ത ബുദ്ധിയിൽ ആശ്രയിക്കാതെയും സ്വന്തവിവേകത്തിൽ ഊന്നാതെയും ദൈവത്തിന്റെ ബലമുള്ള കൈക്കീഴെ താണിരിക്കുമ്പോഴാണ് സീയോനിലേക്കുള്ള പെരുവഴികൾ നമ്മുടെയുള്ളിൽ തെളിഞ്ഞുവരുന്നത്. നമ്മുടെ തന്നെ പദ്ധതികൾക്ക് അനുസരിച്ച് കാര്യങ്ങൾ നടക്കാതിരിക്കുമ്പോഴോ ദൈവിക പ്രമാണങ്ങൾ നിമിത്തം നടപ്പാക്കാൻ കഴിയാതിരിക്കുമ്പോഴോ ആണ് സീയോനിലേക്കുള്ള വഴി പ്രയാസകരമായി അനുഭവപ്പെടുന്നത്.

ആകയാൽ കർത്താവിലും അവന്റെ അമിതബലത്തിലും നമുക്കു ശക്തിപ്പെടാം (എഫെ. 6:10). ദൈവത്തിന്റെ ബലമുള്ള കൈക്കീഴെ താണിരിക്കാം (1പത്രൊ. 5:6) അധികം നല്ലതിനെ, സ്വർഗ്ഗീയമായതിനെ തന്നെ കാംക്ഷിക്കാം. സീയോനിലേക്കുള്ള പെരുവഴിയിലൂടെ തന്നെ സഞ്ചരിക്കാം. ദൈവം കൃപ നല്കട്ടെ. ❑

# വഴി ഏതാണ്?



ജോർജ് ജോൺ, തിരുവനന്തപുരം

**ഇം**ഗ്ലീഷ് ഭാഷയിൽ ഒരു ചൊല്ലുണ്ട് "All roads lead to Rome" (എല്ലാ വഴികളും റോമിലേക്ക്) എന്ന്. യൂറോപ്പിലെ ഇറ്റലി എന്ന രാജ്യത്തുള്ള ഒരു പ്രധാനനഗരമാണ് റോം. പുരാതന റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനം റോം ആയിരുന്നു. പേരുകേട്ട പല റോമൻ ചക്രവർത്തിമാരുടെയും ആസ്ഥാനമായി അത് വർത്തിച്ചിരുന്നു. റോമാസാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള രാജപാതകൾ റോമിലാണ് അവസാനിച്ചിരുന്നത്. അപ്രകാരമുള്ള ഒരവസ്ഥയിലാണ് "എല്ലാവഴികളും റോമിലേക്ക്" എന്ന ചൊല്ല് ഉടലെടുത്തത്. എന്നാൽ ഇന്ന് വിവിധ മതങ്ങളോടുള്ള ബന്ധത്തിൽ മേല്പറഞ്ഞ പ്രസ്താവന ചിലർ ഉരുവിടുന്നതായി കേൾക്കാറുണ്ട്. ഒരാൾ ഏതു മതാനുസാരിയായാലും, ആ മതത്തിന്റെ തത്ത്വങ്ങൾ അനുസരിച്ചു ജീവിച്ചാൽ ഒടുവിൽ സ്വർഗ്ഗരാജ്യത്തിൽ ചെന്നെത്തും എന്നായിരിക്കണം അവർ ഉദ്ദേശിക്കുന്നത്.

ഒരു ഗ്രാമത്തിലെ ക്രിസ്തീയ ദൈവാലയത്തിലേക്ക് സ്ഥലം മാറ്റം കിട്ടിയ അച്ചൻ, ആദ്യമായി പള്ളിയും പരിസരവുമൊക്കെ സന്ദർശിക്കുന്നതിനുവേണ്ടി വന്നു. അദ്ദേഹം ബസ്സിൽ നിന്നും ഇറങ്ങിയപ്പോൾ വഴിയോരത്തു കണ്ട ഒരാളോട് പള്ളിയിലേക്കുള്ള വഴി ചോദിച്ചു. "ദാ ആ വഴിയേ പോയാൽ മതി" എന്നയാൾ ചൂണ്ടിക്കാട്ടിയതനുസരിച്ച് അച്ചൻ പതുക്കെ നടന്നു. പൊരിവെയിലത്ത് കുറച്ച് നടന്നപ്പോൾ വഴി മൂന്നായി പിരിഞ്ഞു. സംശയിച്ചു നില്ക്കുമ്പോൾ ഒരു പയ്യൻ കാറോടിക്കുന്നതായി ഭാവനയിൽകണ്ട് ചില ശബ്ദങ്ങൾ ഉണ്ടാക്കികൊണ്ട് ഇതാ ഓടിവരുന്നു. അച്ചൻ അവനെ തടഞ്ഞു നിർത്തി "മോനേ, പള്ളിയിലേക്കുള്ള വഴി ഏതാണ്?" എന്നു ചോദിച്ചു. "വഴി പറഞ്ഞു തന്നാൽ എനിക്കെന്തു തരും?" എന്നായിരുന്നു അവന്റെ ചോദ്യം. "ഞാൻ നിനക്കു സ്വർഗ്ഗരാജ്യത്തേക്കുള്ള വഴി പറഞ്ഞു തരാം" എന്ന് അച്ചൻ പ്രതിവചിച്ചു. "പള്ളിയിലോട്ടുള്ള വഴി അറിയാൻ വയ്യാത്ത അച്ചനാണോ എനിക്ക് സ്വർഗ്ഗത്തിലേക്കുള്ള വഴി പറഞ്ഞുതരുന്നത്?" എന്നു ചോദിച്ചുകൊണ്ട് പയ്യൻ പൂർവ്വാധികം ഉത്സാഹത്തോടെ "കാറോടിച്ചുകൊണ്ട്" സ്ഥലം വിട്ടു.

വഴിയറിയാതെ ഉഴലുന്ന കോടാനുകോടി ജനങ്ങൾ ഈ ഭൂമണ്ഡലത്തിലുണ്ട്. ശരിയായ വഴിയെന്നുള്ള ചിന്തയിൽ അനേകർ തെറ്റായ വഴികളിൽ കൂടി "അതിബഹുദൂരം" സഞ്ചരിക്കുന്നു. പലപ്പോഴും "ചിലപ്പോൾ ഒരു വഴി മനുഷ്യന് ചൊവ്വായിതോന്നും, അതിന്റെ അവസാനമോ മരണവഴികൾ അത്രേ" (സദൃ 14:12).

വിശുദ്ധവേദപുസ്തകം പല വഴികളെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അവയെ "യഹോവയുടെ വഴികൾ" എന്നും "മനുഷ്യന്റെ വഴികൾ" എന്നും രണ്ടായി തരംതിരിക്കാം. യഹോവയായ ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള പ്രവൃത്തികളും പ്രവർത്തനങ്ങളുമാണ് യഹോവയുടെ വഴികൾ. യഹോവയുടെ വഴികളെക്കുറിച്ച് പറയുന്ന അനേകം വേദഭാഗങ്ങളുണ്ട്. 'അവന്റെ പ്രവൃത്തി അത്യുത്തമം. അവന്റെ വഴി

കൾ ഒക്കെയും ന്യായം" (ആവ. 32:4). "ദൈവത്തിന്റെ വഴി തികവുള്ളത്" (2ശമുവേൽ 22:31). "ആകാശം ഭൂമിക്കുമീതേ ഉയർന്നിരിക്കുന്നതുപോലെ എന്റെ (ദൈവത്തിന്റെ) വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു" (യെശ. 55:9). "യഹോവയുടെ വഴികൾ ചൊവ്വുള്ളവയല്ലോ; നീതിമാന്മാർ അവയിൽ നടക്കും; അതിക്രമക്കാരോ അവയിൽ ഇടറിവീഴും" (ഹോശേ. 14:9).

മാനുഷികമായ പെരുമാറ്റങ്ങൾ, മനോഭാവം, ആചാരം, ശീലം, പ്രവൃത്തി ഇവയെല്ലാം "മനുഷ്യന്റെ വഴികൾ" എന്നറിയപ്പെടുന്നു. ഏതു മനുഷ്യന്റെയും മുമ്പിൽ രണ്ട് വഴികളുണ്ട്. നീതിമാന്റെ വഴിയും ദുഷ്ടന്റെ വഴിയും. "ഞാൻ നിങ്ങൾക്കു നല്ലതും ചൊവ്വുള്ളതുമായ വഴി ഉപദേശിക്കും" എന്നു ശമുവേൽ പ്രവാചകൻ ജനത്തോടു പറയുന്നതായി നാം വായിക്കുന്നു (1 ശമു 12:23). ഇതാണ് യഹോവയ്ക്ക് ഇഷ്ടമായ വഴി. യഹോവയ്ക്കു ഇഷ്ടമായ വഴികളാണ് നീതിമാന്റെ വഴി. ഇവയെക്കുറിച്ചുള്ള സൂചനകൾ വിശുദ്ധ വേദപുസ്തകത്തിൽ ഉടനീളം കാണപ്പെടുന്നു. യഹോവയുടെ വഴി തികവുള്ളത്. അതിൽ നടക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. എന്നാൽ ദുഷ്ടന്റെ വഴി നാശകരമാണ് എന്നുള്ള സത്യവും വിശുദ്ധ വേദപുസ്തകത്തിലെ അനേകം ഭാഗങ്ങളിൽ യാതൊരു അർത്ഥശങ്കയ്ക്കും ഇടമില്ലാതെ സ്പഷ്ടമായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.

ഒന്നാം സങ്കീർത്തനം ഒന്നാം വാക്യത്തിൽത്തന്നെ ദുഷ്ടന്മാരുടെ (പാപികളുടെ) വഴിയെക്കുറിച്ച് പറയുന്നുണ്ട്. അത്തരം വഴികളിൽ സഞ്ചരിക്കാത്ത മനുഷ്യൻ ഭാഗ്യവാനാണ് എന്നു കാണുന്നു. ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ രാജാവ് തന്റെ സദൃശവാക്യങ്ങളിൽ ധാരാളം മുന്നറിയിപ്പുകൾ നല്കിയിട്ടുണ്ട്" "നിന്റെ കാലുകളുടെ പാതയെ നിരപ്പാക്കുക; നിന്റെ വഴികളെല്ലാം സ്ഥിരമായിരിക്കട്ടെ" (4:26), "നിന്റെ വഴിയെ അവളോട് (പരസ്ത്രീയോട്) അകറ്റുക (5:3), "അവളുടെ വീട് പാതാളത്തിലേക്കുള്ള വഴിയാകുന്നു" (7:27), "തന്റെ വഴി സൂക്ഷിക്കുന്നവൻ തന്റെ പ്രാണനെ കാത്തുകൊള്ളുന്നു" (16:17) മുതലായവ.

അതീവ സങ്കീർണ്ണമായ ജീവിതസരണിയിൽ കൂടിയാണ് ആധുനിക മനുഷ്യൻ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്, സ്വയം കൃതാനർത്ഥം മൂലമോ അഥവാ തങ്ങളുടേതല്ലാത്ത കാരണങ്ങൾ മൂലമോ വിഷമവൃത്തങ്ങളിലകപ്പെട്ട് നട്ടം തിരിയുന്നവർ ധാരാളം പേരുണ്ട്. എത്ര കിണഞ്ഞു പരിശ്രമിച്ചാലും സ്വയമായി അവയിൽ നിന്നും മോചനം നേടാൻ സാധിക്കുന്നില്ല. അനേകർ തങ്ങളുടെ ജീവിതത്തിന്റെ വിവിധഘട്ടങ്ങളിൽ ചില നാല്ക്കവലകളിലെത്തുകയും തുടർന്നുള്ള വഴി ഏതു ദിശയിലേക്കാണെന്നറിയാതെ പകച്ചു നില്ക്കയും ചെയ്യുന്നു. പലപ്പോഴും നമുക്കു സഹായികളായി പ്രത്യക്ഷപ്പെടുന്നവർ 'കഥയിലെ ബാലനെപ്പോലെ' 'എനിക്കെന്തു തരും അഥവാ കിട്ടും" എന്നുള്ള വിചാരത്തിലായിരിക്കും അടുത്തു കൂടുന്നത്. മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും അതിപ്രസരത്തിലും ധനത്തിന്റെയും ആധുനിക ജീവിതരീതികളുടെയും മാസ്മരശക്തിയിലും പെട്ട് ചെകിടടഞ്ഞു, കണ്ണു മഞ്ഞളിച്ച് തപ്പിത്തടയുന്ന മനുഷ്യവർഗ്ഗത്തിന് പൂർണ്ണമായി ആശ്രയിക്കാവുന്ന ഒരേ ഒരു മാർഗ്ഗം മാത്രമേയുള്ളൂ, അതാണ് "കുരിശിന്റെ വഴി". "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു" എന്ന് നിസ്സങ്കോചം ഉൽഘോഷിക്കാൻ പ്രാപ്തിയുള്ളവനായി മാനവചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരേ ഒരു വ്യക്തി കർത്താവായ യേശുക്രിസ്തു മാത്രം. "നിന്റെ വഴി യഹോവയെ (കർത്താവിനെ) ഭരമേല്പിക്കുക. അവനിൽത്തന്നെ ആശ്രയിക്കുക. അവൻ അത് നിർവ്വഹിക്കും (സങ്കീ 37:5).

❑

# പുതുവർഷചിന്തകൾ (ട്വെന്റി ട്വെന്റി)

വിദ്യാ ബാബു, തിരുവനന്തപുരം



പ്രിയമുള്ളവരെ നാം ഒരു പുതിയ വർഷത്തിലേക്ക് കടന്നുവല്ലോ. ടൊന്റി ടൊന്റി എന്ന് അഭിസംബോധന ചെയ്ത് Twenty Twenty യെ വളരെ പ്രത്യാശയോടെ നാം വരവേറ്റു. പുത്തൻ പ്രതീക്ഷകളും സ്വപ്നങ്ങളുമായി നാം ഓരോ ദിവസവും കഴിക്കുന്നു.

പ്രാർത്ഥനയുമായി ബന്ധപ്പെട്ട് പല ഭവനങ്ങളിലും ഞാൻ പോകാറുണ്ട്. ഏറ്റവും വേണ്ടപ്പെട്ട വ്യക്തികളോട് സ്വകാര്യമായി സംസാരിക്കാറുണ്ട്. ആദ്യം ഭൗതിക കാര്യങ്ങൾ സംസാരിച്ചിട്ടാണ് ആത്മിക കാര്യങ്ങളിലേക്ക് കടക്കാറുള്ളത്. അങ്ങനെ ഒരു കുടുംബത്തിൽ കടന്നുപോയി, അവിടത്തെ യൗവ്വനക്കാരിയായ ഒരു സഹോദരിയോട് സംസാരിച്ചു. ശാരീരികമായി പല രോഗങ്ങളാൽ ആ സഹോദരി ഭാരപ്പെടുന്നു. ഞാൻ അവിടെ അവളുടെ മാതാവിനെ തിരക്കി. അപ്പോൾ അവൾ പറഞ്ഞത് മമ്മി ഒരു ധ്യാനത്തിന് പോയിരിക്കുകയാണ്, ഒരാഴ്ച കഴിഞ്ഞേ തിരികെ വരികയുള്ളൂ. അപ്പോൾ ഞാൻ അവളോട് ചോദിച്ചു നിനക്ക് നല്ല സുഖമില്ലല്ലോ നീയും മമ്മിയോടൊപ്പം പ്രാർത്ഥനയ്ക്ക് പോകാത്തത് എന്താണ്?

'നമുക്ക് ജീവനുള്ള ഒരു ദൈവം സ്വർഗ്ഗത്തിൽ ഉണ്ട്. നമ്മുടെ പ്രാർത്ഥനകൾക്കും കണ്ണുനീരിനും മറുപടി നല്കുവാൻ കഴിവുള്ള ഒരു ദൈവമാണല്ലോ'' എന്ന് പറഞ്ഞു. അപ്പോൾ ആ സഹോദരി പറഞ്ഞ മറുപടി എന്നെ അത്ഭുതപ്പെടുത്തി.

പ്രാർത്ഥനയും ധ്യാനവുമെല്ലാം വയസ്സായവർക്ക് ഉള്ളതാണ്. ഞാൻ ഒരു ചെറുപ്പക്കാരിയാണ്, ഇപ്പോൾ എനിക്ക് അവിടെ പോകേണ്ട ആവശ്യമില്ല. മമ്മിയുടെ പ്രായം ആകുമ്പോൾ പോകാം. ഇപ്പോൾ ഈ ജീവിതം എനിക്ക് ജീവിക്കാനുള്ളതാണ് എന്ന് പറയുവാനിടയായി. ഈ അനുഭവം എന്നെ വളരെ ചിന്തിപ്പിക്കയും ഭാരപ്പെടുത്തുകയും ചെയ്തു. ഈ വാക്കുകൾ നിരവധി ചോദ്യങ്ങൾ എന്റെ ഉള്ളിൽ വരുവാനിടയായി. മമ്മിയുടെ പ്രായം വരെ ഈ സഹോദരി ഭൂമിയിൽ ഉണ്ടാകുമോ?

നിന്റെ യൗവ്വനകാലത്ത് നിന്റെ സൃഷ്ടാവിനെ ഓർത്തു കൊള്ളുക എന്നു സഭാപ്രസംഗി 12:1-ൽ ദൈവം നമ്മോട് സംസാരിക്കുന്നു. യൗവ്വനകാലം വളരെ നിസാരമായി കാണുന്ന അനേക സഹോദരീ സഹോദരന്മാർ ഇന്ന് നമ്മുടെ ഇടയിൽ ഉണ്ട്. ദൈവത്തെ ഭയപ്പെടാതെ ദൈവിക ശബ്ദത്തിന് ചെവികൊടുക്കാതെ ആയിരിക്കുന്ന അനേകർ അവരുടെ സ്ഥിതി എന്താകും.

കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്ന് വചനം പറയുന്നു (മർക്കൊസ് 1:15). സമാധാനമില്ലാത്ത കുടുംബങ്ങൾ, മദ്യപന്മാരായ ഭർത്താക്കന്മാർ, അനുസരണമില്ലാത്ത തലമുറകൾ എവിടെ നോക്കിയാലും കൊലയും കൊള്ളയും ദുഷ്ടതയും അനീതിയും പ്രകൃതിപോലും കോപിക്കുന്ന അവസ്ഥകൾ. മനുഷ്യർ ദൈവത്തെ അറിയാതെ മനംതിരിഞ്ഞ് പോകുന്നു. എല്ലാറ്റിനും കാരണം മനുഷ്യന്റെ ദുഷ്ടത തന്നെ.

നാം അറിയപ്പെടാത്ത മാരകരോഗങ്ങളാൽ മനുഷ്യർ നിമിഷനേരംകൊണ്ട് കൊതുകുപോലെ ചത്തുപോകുന്നു. ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാന്മാരുണ്ടോ എന്ന് ദൈവം സ്വർഗ്ഗത്തിൽ നിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു. എല്ലാവരും പിൻവാങ്ങി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മ ചെയ്യുന്നവനില്ല; ഒരുത്തൻപോലും ഇല്ല എന്ന് ദൈവത്തിന്റെ വചനം (സങ്കീർത്തനങ്ങൾ 53:2,3).

പോയ വർഷം നമ്മൾ വളരെ കഷ്ടത്തിന്റെയും പ്രതികൂലത്തിന്റെയും നിലവിളിയുടെയും മരണത്തിന്റെയും അവസ്ഥയിലൂടെ

കടന്നുപോയി. വീണു എങ്കിലും ദൈവം നമ്മെ വീണ്ടും എഴുന്നേല്പിച്ചു. ദുഷ്ടൻ പലവിധത്തിലും നമ്മെ തള്ളി എങ്കിലും സ്വർഗ്ഗത്തിലെ അദൃശ്യകരം നമ്മെ താങ്ങി നടത്തി, കഷ്ടതകളിൽ നിന്ന് വിടുവിച്ചു, നമ്മുടെ പ്രാർത്ഥനകൾക്ക് സന്തോഷകരമായ മറുപടി തന്നു.

നമ്മുടെ ദൈവം പ്രാർത്ഥന കേൾക്കുന്ന ദൈവമാണ്. കണ്ണുനീരിന് മറുപടി അയയ്ക്കുന്ന ദൈവം. നമ്മൾ ചെയ്യേണ്ടത് ഒന്നുമാത്രം 'നമ്മുടെ ഹൃദയം പൂർണ്ണമായി കർത്താവിന്റെ കരങ്ങളിൽ ഏല്പിക്കുക". ഓരോ പ്രാവശ്യം നാം തെറ്റുകൾ ചെയ്യുമ്പോൾ ഒരാണ്ടുംകൂടി നില്ക്കട്ടെ ഫലമില്ലെങ്കിൽ വെട്ടിക്കളയാം എന്ന മധ്യസ്ഥതയിൽ പിതാവിനോട് സദാനേരവും നമുക്കുവേണ്ടി പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്ന വിശ്വസ്തനായ വീണ്ടെടുപ്പുകാരൻ നമുക്കുണ്ട്. ആ കരം മുറുകെ പിടിച്ചാൽ ഒരിക്കലും തട്ടിക്കളകയില്ല.

ഹൃദയം നുറുങ്ങിയവർക്ക് സമീപസ്ഥനായ ദൈവം നമ്മുടെ നിലവിളി കേൾക്കും. മത്തായി 20:29,30 വാക്യങ്ങളിൽ യെരിഹോവിലെ രണ്ട് കുരുടന്മാരുടെ നിലവിളിയാണ് കർത്താവ് കേട്ടത് "ദാവീദ്പുത്രാ ഞങ്ങളോട് കരുണതോന്നേണമേ എന്ന്" ഇത് കേട്ട് യേശു നിന്ന് ഞാൻ നിങ്ങൾക്ക് എന്ത് ചെയ്യണമെന്ന് ചോദിക്കുന്നു. അവരുടെ ഹൃദയത്തിന്റെ ആവശ്യം അറിഞ്ഞ് കർത്താവ് സാധ്യമാക്കി കൊടുക്കുന്നു.

ഈ ദൈവം ഇന്നും ജീവിക്കുന്നു. നാം വിശ്വസിക്കുക ദൈവത്തെ മുറുകെപിടിക്കുക കല്പനപ്രകാരം ജീവിക്കുക. ഒരു പ്രതിഫലം ഉണ്ട് നിശ്ചയം. നിന്റെ പ്രത്യാശയ്ക്ക് ഭംഗം വരികയില്ല (സദൃശ 23:18). നമ്മുടെ ആവശ്യങ്ങൾ അറിയുന്ന ദൈവം, നാം വല്ലാതെ യാചിക്കുന്നത് ലഭിക്കയില്ല. എന്നാൽ ആവശ്യഭാരത്തോടെ യാചിക്കുന്നതിന് മറുപടിയുണ്ട്. രക്തസ്രാവക്കാരിയുടെ കഥ തന്നെ മർക്കൊസ് 5:25 പന്ത്രണ്ട് സംവത്സരമായി ശരീരത്തിൽ വേദന അനുഭവിക്കുന്ന സ്ത്രീ, പല വൈദ്യന്മാരെയും കണ്ടവൾ സമ്പത്തെല്ലാം നഷ്ടമാക്കിയവൾ പൂർണ്ണമായി മനുഷ്യരിലും സമ്പത്തിലും ആശ്രയിച്ചു. എന്നാൽ അവൾ സത്യം തിരിച്ചറിഞ്ഞ് ദൈവത്തിൽ ആശ്രയം വച്ചപ്പോൾ, അവളുടെ സങ്കടങ്ങൾക്ക് ആശ്വാസവും വിടുതലും ലഭിച്ചു. നാമും പലപ്പോഴും ഇങ്ങനെയാണ് പല വിഷയങ്ങൾക്കും മനുഷ്യരെയും സമ്പത്തിനെയും ആശ്രയിക്കും. മനുഷ്യരിൽ ആശ്രയിക്കുന്നതിനെക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത്. പ്രഭുക്കന്മാരിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത് (സങ്കീ. 118:8,9).

ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണഹൃദയത്തോടും ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടുംകൂടെ കർത്താവിങ്കലേക്ക് തിരിയുവിൻ, വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നേ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്ക് തിരിവിൻ (യോവേൽ 2:12,13).

നമ്മുടെ കർത്താവിന്റെ വരവ് എത്രയും വേഗം ഉണ്ടാകും.

ഈ ലേഖനം നിങ്ങളുടെ ഹൃദയങ്ങളിൽ രൂപാന്തരം വരുത്തട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു. ❑

**Quest -70 ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ**

1. ജിജി റോയി, മാഞ്ഞൂർ, കോട്ടയം
2. മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ
3. ലീല കെ. വി. പതിനാലാംമതിൽ, കോട്ടയം

കൊവിഡ്കാലത്തെ തപാൽ നിയന്ത്രണങ്ങളുടെ മദ്ധ്യത്തിലും ഉത്തരങ്ങൾ അയച്ച എല്ലാവരെയും അനുമോദിക്കുന്നു.

Quest 70-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. വിജയികൾക്കു ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

-ക്വിസ് മാസ്റ്റർ

# ഒരിക്കലും മറക്കാത്ത ദൈവം

ഡോ. ഉമ്മൻ ഫിലിപ്പ്, തിരുവനന്തപുരം



**അ**തൊരു ഞായറാഴ്ച വൈകുന്നേരമായിരുന്നു. ഏകദേശം അഞ്ചു മണിയോടെ എന്റെ മൊബൈൽഫോൺ ശബ്ദിച്ചു. പരിചയമില്ലാത്ത നമ്പർ. അങ്ങേ അറ്റത്തു ഒരു യുവതിയുടെ ശബ്ദം. "അങ്കിൾ, എന്റെ പേര് റോസി. ഞാൻ ഒരു ഫാർമസി വിദ്യാർത്ഥിനിയാണ്. കഴിഞ്ഞ ആഴ്ച ഞങ്ങളുടെ സ്ഥലത്ത് അങ്കിൾ നടത്തിയ കുടുംബസമ്മേളനശുശ്രൂഷയിൽ ഞാനും പങ്കെടുക്കുകയുണ്ടായി. എന്റെ കദനകഥ കേൾക്കാനോ ഒരിറ്റ് ആശ്വാസം പകർന്നു തരുവാനോ എനിക്കാരുമില്ല. അതുകൊണ്ടാണ് ഞാൻ അങ്കിളിനോട് സംസാരിക്കാൻ ആഗ്രഹിച്ചത്".

"പറഞ്ഞാട്ടെ, റോസി. ഞാൻ ശ്രദ്ധിച്ചു കേൾക്കുന്നുണ്ട്''. ഞാൻ പ്രതിവചിച്ചു. ഗദ്ഗദകണ്ഠയായി റോസി തുടർന്നു. ഇടയ്ക്കിടെ അവൾ വിതുമ്പുന്നുണ്ടായിരുന്നു— ഇവിടെയിതാ വിശ്വാസിനിയായ ഒരു പെൺകുട്ടി. ചെറുപ്പത്തിൽ തന്നെ അവൾക്ക് അമ്മയെ നഷ്ടപ്പെട്ടു. കൂടെപ്പിറപ്പുകൾ ആരുമില്ല. ആരൊക്കെയോ അവളെ വളർത്തിയെടുത്തു. ചില വർഷങ്ങൾക്കു ശേഷം ഒരു രണ്ടാനമ്മയെ അവൾക്കു ലഭിച്ചു. എങ്കിലും അവർ പെറ്റമ്മയോളം വരികില്ലല്ലൊ. റോസിയുടെ പിതാവ് ഒരു ക്രിസ്തീയ പ്രവർത്തകൻ ആണ് എങ്കിലും എപ്പോഴും റോസിയോട് കോപത്തോടെ ഇടപെടുകയും അവളെ കഠിനമായി ശിക്ഷിക്കയും വേദനപ്പെടുത്തുന്ന വാക്കുകൾമാത്രം ഉപയോഗിക്കുകയും ചെയ്യുന്ന ഒരു മനുഷ്യൻ. റോസിയുടെ പ്രായക്കാർ സഭയിലോ അയൽപക്കത്തോ കുറവാണ്. ഹൃദയം തുറന്ന് സംസാരിക്കാൻ റോസിക്കാരുമില്ലാത്ത സ്ഥിതി. ഭാവിയെ സംബന്ധിച്ചും റോസി ആകുലചിത്തയാണ്. പിതാവിനോട് ഒരു ആവശ്യവും ആവലാതിയും പറയുവാനുള്ള ധൈര്യം റോസിക്കില്ല. പഠിക്കുന്ന സ്ഥലത്ത് വിശ്വാസികളായ പെൺകുട്ടികളില്ല. പിതാവിന്റെ ക്രൂരസ്വഭാവവും വഴക്കും കാരണം പലപ്പോഴും വീട്ടിൽ കുടുംബപ്രാർത്ഥന ഉണ്ടാകാറില്ല. ഒന്നിച്ചിരുന്ന് ഒരു ആശ്വാസഗാനം പാടുവാനോ ദൈവവചനം വായിക്കുവാനോപോലും സാഹചര്യമില്ലാത്ത ഒരു മകൾ! അവളുടെ ഏകാന്തതയിലും വ്യാകുലതയിലും പെട്ടുഴന്ന് തനിയെ ഇരുന്ന് റോസി ധാരാളം കരയാറുണ്ട്. വെളുപ്പാൻ രാവിലെ ഉണർന്നു കിടക്കയിൽ കിടന്നും കുളിമുറിയിൽ പോകുമ്പോഴുമൊക്കെ വ്യാകുലപ്പെട്ട് ധാരാളം കരയുന്ന റോസി. ഒരിറ്റ് ആശ്വാസത്തിനുവേണ്ടി അവൾ ദാഹിക്കുന്നു; നൊമ്പരപ്പെടുന്നു; അവൾക്കാരുമില്ല എന്ന ചിന്ത കടിച്ചമർത്തി അവൾ ജീവിക്കുന്നു.

റോസിയുടെ അനാഥത്വവും ഏകാന്തതയും ആകുലചിന്തയും ആരെയും വേദനിപ്പിക്കുന്നതാണ്. പല നിലകളിൽ റോസിയെ ആശ്വസിപ്പിക്കാൻ ഞാൻ ശ്രമിച്ചു. റോസിയോട് ഇങ്ങനെ പറഞ്ഞു തുടങ്ങി. ''റോസിയെപ്പോലെ ഏകാന്തതയും ദുഃഖവും ഒക്കെ അനുഭവിച്ച പല ദൈവമക്കളെയും വേദപുസ്തകത്തിൽക്കൂടി റോസിക്ക് അറിയാമെന്ന് വിചാരിക്കുന്നു. ആദ്യമായി നമുക്ക് അനിശ്ചിതമായ ഭാവിയെ വിശ്വാസത്താൽ നേരിട്ട നോഹയെ ശ്രദ്ധിക്കാം. എന്തുമാത്രം യാത്ര ചെയ്യണമെന്നോ എവിടെ ചെന്നവസാനിക്കുമെന്നോ ഭാവി എന്തായിരിക്കുമെന്നോ അറിയാതെ ഏകദേശം 371 ദിവസമാണ് നോഹയും കുടുംബവും പെട്ടകത്തിൽ യാത്ര ചെയ്തത്. അടച്ചുമൂടിയ അന്തരീക്ഷത്തിൽ സ്വാതന്ത്ര്യം നഷ്ടപ്പെട്ടവരായി അനിശ്ചിതത്ത്വത്തിൽകൂടി അവർ

യാത്ര ചെയ്തു, ഏതാണ്ട് ഇപ്പോഴത്തെ കൊവിഡ്-19 പോലെ എന്തായിതീരുമെന്നറിയാത്ത യാത്ര. എങ്കിലും അവരെ മറക്കാതെ, അവരെക്കുറിച്ച് സ്നേഹത്തോടെ ഓർത്ത്, അവർക്കുവേണ്ടി ഭാസുരമായ ഒരു ഭാവി ദൈവം ഒരുക്കി വച്ചിരുന്നു (ഉത്പ. 8:1 –22). ദൈവത്തെ ആരാധിച്ചും ദൈവത്തിനു വേണ്ടി ജീവിക്കാനായും അവർക്കായി ദൈവം സാഹചര്യങ്ങളെ ഒരുക്കിയിരുന്നു. അവർക്കായി ഫലഭൂയിഷ്ടമായ ഒരു പുതിയ ഭൂമിയും വാഗ്ദത്തത്തോടുകൂടിയതും മഴവില്ല് ഉള്ളതുമായ മനോഹരമായ ആകാശവും ദൈവം അവർക്കായി ഒരുക്കിയിരുന്നു എന്നു മാത്രമല്ല നാളെയുടെ ദിനരാത്രങ്ങളിൽ അവരുടെ ദൈവം അവരോടുകൂടി ഉണ്ടായിരിക്കുമെന്ന് അവർക്കുറപ്പു കൊടുത്തു. നോഹയെയും കുടുംബത്തെയും മറ്റു ജീവജാലങ്ങളെപ്പോലും മറക്കാതെ അവർക്കായി കരുതുകയും ഓരോ ദിവസവും നടത്തുകയും ചെയ്യുന്ന ദൈവം ഇന്നും തന്റെ മക്കളെ നടത്തും. ആ ദൈവം റോസിക്കായി കരുതി ഒരു നല്ല ഭാവി വച്ചിട്ടുണ്ട്." ഞാൻ തുടർന്നു. റോസി എല്ലാം മൂളി മൂളിയും ഇടയ്ക്കിടെ ആശ്വാസ ശബ്ദങ്ങൾ പ്രകടിപ്പിച്ചും ശ്രദ്ധിച്ചുകൊണ്ടിരുന്നു.

ഞാൻ തുടർന്നു, "റോസി, ദൈവം മറക്കാതെ ഓർത്ത് കരുണയോടെ നടത്തിയ രണ്ടു മഹിളാരത്നങ്ങളെകൂടി ഞാൻ ഓർപ്പിക്കട്ടെ.കേൾക്കുന്നുണ്ടല്ലൊ, അല്ലേ?"."ഞാൻ ശ്രദ്ധിച്ചു കേൾക്കുന്നുണ്ട്. നോഹയെക്കുറിച്ച് പറഞ്ഞത് എനിക്കു വലിയ ആശ്വാസമായി". റോസി പറഞ്ഞു.

"റോസി, ഈ രണ്ടു മഹിളാ രത്നങ്ങളും വിവാഹിതരായിരുന്നു. എന്നാൽ അവർക്ക് രണ്ടുപേർക്കും മക്കളെ ലഭിച്ചിരുന്നില്ല. അതിൽ അവർ രണ്ടുപേരും അതീവ ദുഃഖിതർ ആയിരുന്നു എന്ന് പറയേണ്ടതില്ലല്ലോ. അവരോടു സഹതാപം കാണിപ്പാൻ ആരും ഉണ്ടായിരുന്നില്ല. എല്ലാവരും അവരെ പരിഹസിച്ചു. അങ്ങനെ അവർ രണ്ടുപേരും നിരാശയുടെ അടിത്തട്ടിൽ താണുപോയി. ഇവരിൽ ഒരാളുടെ പേര് റാഹേൽ (ഉത്പത്തി 30.) എന്നും മറ്റെ സ്ത്രീയുടെ പേര് ഹന്നാ (1ശമുവേൽ 1) എന്നുമായിരുന്നു".

"റാഹേലിന്, മക്കളുള്ള തന്റെ സഹോദരി ലേയയോട് അസൂയയും, സ്പർദ്ധയും മത്സരചിന്തയുമുണ്ടായി. സ്വന്തം ഭർത്താവിനെ ഭീഷണിപ്പെടുത്താനും റാഹേൽ മടിച്ചില്ല. തന്റേതായ ചില സൂത്രപ്പണികൾ വഴി മക്കളെ കിട്ടുമോ എന്ന് റാഹേൽ ശ്രമിച്ചു എങ്കിലും അതൊന്നും റാഹേലിനെ ഒരു മാതാവാക്കിയില്ല. നിരാശയും ഹൃദയവേദനയും നഷ്ടബോധവും അപമാനവും ജീവിതപരാജയവും ഏകാന്തതയും എല്ലാം റാഹേൽ സഹിച്ചു. ഒരു ആശ്വാസവാക്കു പറയാൻ ആരും ഉണ്ടായിരുന്നില്ല. ഒടുവിൽ തന്റെ സഹോദരിക്ക് ഏഴു മക്കളെ കൊടുത്ത ദൈവസന്നിധിയിലേക്ക് തന്റെ അഭയയാചനകളുമായി റാഹേൽ കടന്നുചെന്നു (ഉത്പത്തി 30:22). സ്വന്തം ശ്രമങ്ങൾ പരാജയപ്പെട്ട ഈ മഹിളാരത്നം അവസാനം ദൈവത്തിൽ തന്നെത്താൻ പൂർണ്ണമായി സമർപ്പിച്ചു പ്രാർത്ഥിച്ചു. ദൈവം റാഹേലിനെ ഓർത്തു. എല്ലാവരും പരിഹസിച്ചാലും മറന്നുകളഞ്ഞാലും തന്നിൽ ആശ്രയിക്കുന്നവരെ മറക്കാതെ, തക്കസമയത്ത് അവരെ ഓർക്കുന്നവനും അവരുടെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിറവേറ്റിക്കൊടുക്കുന്നവനുമായ അബ്രഹാമിന്റെ ദൈവം റാഹേലിന് രണ്ടു മക്കളെ കൊടുത്തു എന്നത് റോസിയെ ധൈര്യപ്പെടുത്തുന്ന യാഥാർത്ഥ്യമാണ്. റാഹേലിനെയും നോഹയെയും സാറയെയും റെബേക്കയെയും മറക്കാത്ത ദൈവം റോസിയെയും ഒരിക്കലും മറക്കുകയില്ല. തീർച്ചയായും ആശ്വാസം തന്ന് അനുഗ്രഹിക്കും".

"ഇനിയും ഹന്നയെക്കുറിച്ചുകൂടി ഞാൻ പറയട്ടെ. റാഹേലിന്റെ അനുഭവത്തിൽ കൂടി കടന്നുപോയി ധാരാളം നിന്ദയും തിരസ്ക്കരണവും വേദനയും ഏകാന്തതയും ഒറ്റപ്പെടുത്തലും അനുഭവിച്ച ഭക്തയായ സ്ത്രീരത്നം ആയിരുന്നു ഹന്നാ. റോസിയെപ്പോലെ വളരെ മനോവ്യസനപ്പെടുകയും ഒത്തിരി കരയുകയും ആവശ്യബോധത്തോടെയും ഭാരത്തോടെയും ആവേശത്തോടെയും ഉപവാസത്തോടുകൂടെയും പ്രാർത്ഥനയിൽ അവളുടെ ആവശ്യം ദൈവത്തോടു പറയുകയും ചെയ്തു. അവൾക്കു ദൈവം തരുന്ന അനുഗ്രഹത്തെ ദൈവത്തിനായി വളർത്തി

ദൈവത്തിനു തിരിച്ചു കൊടുത്തുകൊള്ളാം എന്നും ഹന്നാ ദൈവ സന്നിധിയിൽ ഉടമ്പടി ചെയ്തു, ദൈവം അവളുടെ പ്രാർത്ഥന കേൾക്കുകയും അവളെ ഓർക്കുകയും ഒരു മകനെ നല്കുകയും ചെയ്തു. മാത്രമല്ല ദൈവത്തോടുള്ള വാഗ്ദത്തം ഹന്നാ നിറവേറ്റുകയും ആകയാൽ അഞ്ചുമക്കളെക്കൂടി ദൈവം അവൾക്കു നല്കുകയും ചെയ്തു (1 ശമൂവേൽ 2:21). അങ്ങനെ അവളുടെ കണ്ണുനീർ തോർന്നു; മനോവ്യസനം മാറി.റോസീ, ഹന്നായെയും, റാഹേലിനെയും മറക്കാത്ത ദൈവം റോസിയെ ഒരിക്കലും മറക്കുകയില്ല."

എല്ലാം ശ്രദ്ധ വച്ചുകേട്ട റോസി ചോദിച്ചു, "അങ്കിൾ, ദൈവം എന്നെ മറക്കാതെ ഓർത്ത് ആശ്വസിപ്പിക്കും എന്ന് എനിക്ക് എങ്ങനെ അറിയാൻ സാധിക്കും? ഒന്ന് വിശദീകരിക്കാമോ?"

"തീർച്ചയായും," ഞാൻ പ്രതിവചിച്ചു. "ഈ വാഗ്ദത്തം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനത്തിന്റെ ഭാഗമാണ് (സങ്കീർത്തനം 119:89). ആകാശവും ഭൂമിയും മാറിപ്പോയാലും ദൈവവചനം മാറിപ്പോകയില്ല എന്ന് കർത്താവായ യേശുക്രിസ്തു നമുക്ക് ഉറപ്പ് നല്കിയിട്ടുണ്ട് (മത്തായി 24:35). നമ്മുടെ ദൈവം വാക്കു മാറാത്തവനും വിശ്വസ്തനുമാണ് (2കൊരിന്ത്യർ 1:20). ഈ ദൈവികവാഗ്ദത്തത്തിൽ വിശ്വസിച്ച് പ്രാർത്ഥനയോടെ ജീവിച്ചാൽ ദൈവം റോസിക്കു വേണ്ട ആശ്വാസം ലഭിക്കുവാൻ ഇടവരുത്തും."തനിയെ ആണ്, കൂട്ടുകാരില്ല, ഹൃദയം തുറന്നു സംസാരിക്കാനാരുമില്ല" എന്ന തരം ചിന്തകൾ മാറിപ്പോകും. കണ്ണുനീർ കാണുമ്പോൾ മനസ്സലിയുന്ന ദൈവം സമാധാനവും സന്തോഷവും നല്കും. പിതാവിനുവേണ്ടിയും പ്രാർത്ഥിക്കണം. അപ്പോൾ തന്റെ സ്വഭാവത്തിലും പെരുമാറ്റത്തിലും വ്യത്യാസങ്ങൾ വരുത്തി റോസിയോട് സ്നേഹമായിട്ടും കരുണയോടും ഇടപെടാൻ ദൈവം അദ്ദേഹത്തെ സഹായിക്കും".

റോസി ചോദിച്ചു, "അങ്കിൾ, എനിക്ക് ആശ്വാസത്തിനായി ഒരു വാക്യംകൂടെ പറഞ്ഞുതരാമോ? തീർച്ചയായും'', ഞാൻ പറഞ്ഞു. "സങ്കീർത്തനം 42:5-ാം വാക്യത്തിൽ പറയുന്നത് നാം വിഷാദിച്ച് ഉള്ളിൽ ഞരങ്ങേണ്ട ആവശ്യമില്ല എന്നും ദൈവത്തിൽ പ്രത്യാശ വച്ചാൽ നമ്മുടെ വിഷാദം നീക്കി ഹൃദയത്തിൽ ഉറപ്പും ധൈര്യവും തന്ന് മുഖത്തെ ദൈവം പ്രകാശിതമാക്കിതീർക്കും എന്നുമാണ്. സങ്കീർത്തനം 34:5-ൽ പറയുന്നത് ദൈവത്തിങ്കലേക്ക് നോക്കുന്നവരുടെ ഹൃദയത്തിൽനിന്നും അന്ധകാരം മാറ്റി പ്രകാശിതമാക്കിത്തീർക്കും എന്നാണ്. ആ രണ്ടു വാക്യങ്ങളും റോസിക്ക് ആശ്വാസത്തിനും സമാധാനത്തിനും ഇടയാക്കും. റോസിയുടെ ദൈവം റോസിയെ ഒരിക്കലും മറക്കുകയില്ല നിശ്ചയം". "അങ്കിൾ", റോസി പറഞ്ഞു.

''എന്നെ ഒരിക്കലും മറക്കാത്ത ദൈവത്തിന്റെ വാഗ്ദത്തങ്ങളെക്കുറിച്ച് എനിക്കു മനസ്സിലാക്കിത്തന്നതിന് നന്ദി. ഇപ്പോൾ എന്റെ മനസ്സിലുള്ള ഭാരം മാറി, എനിക്ക് ഒത്തിരി ആശ്വാസമായി. അതിനായി ദൈവത്തിന് സ്തോത്രം".


ഞാൻ ഇങ്ങനെ പറഞ്ഞു ഞങ്ങളുടെ സംഭാഷണം പൂർത്തിയാക്കി. ഞാൻ പറഞ്ഞു തന്ന വാക്യങ്ങൾ എല്ലാം എടുത്ത് ദിവസവും വായിക്കുകയും ധ്യാനിക്കുകയും ചെയ്യണം. റോസിയുടെ കർത്താവ് റോസിയെ ഒരിക്കലും അനാഥയായി വിട്ടുകളയുകയില്ല. (യോഹന്നാൻ 14:18). ആകയാൽ ധൈര്യമായിരിക്കണം.

"ശരി, അങ്കിൾ", റോസി പറഞ്ഞവസാനിപ്പിച്ചു. "ബൈ ബൈ".

<u>**അടിക്കുറിപ്പ്:**</u> പ്രിയ വായനക്കാരേ! നിങ്ങൾ ഒരു പക്ഷേ ദുഃഖത്തിലും വിഷാദത്തിലും ഏകാന്തതയിലും ഭയത്തിലും ചിന്താകുലത്തിലും കണ്ണുനീരിലുംകൂടി കടന്നുപോകുന്ന വ്യക്തി ആയിരിക്കും. ഇപ്പോഴത്തെ കൊവിഡ്-19 ന്റെ സമ്മർദ്ദങ്ങളിലും, കുഴച്ചിലിലും അനിശ്ചിതത്വത്തിലുംപെട്ട് ഭയപ്പാടോടെ മുന്നോട്ടു പോകുകയാണോ? എന്നാൽ ധൈര്യപ്പെടുക. നോഹയെയും, റാഹേലിനെയും, ഹന്നായെയും ഓർക്കുകയും മറക്കാതെ കരുതുകയും ചെയ്ത ദൈവം നിങ്ങളോടുകൂടെയുണ്ട്. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ സുസ്ഥിരമാണ്. അതിൽ ആശ്രയിച്ച് മുന്നോട്ടുപോകാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.

❑

# ഈ പോക്ക് എങ്ങോട്ടാണ് ?



ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം

**ലോ**ക്ഡൗണിന്റെ മദ്ധ്യത്തിൽ രസകരമായ ഒരു സംഭവമുണ്ടായി. അറുപതു വർഷങ്ങൾക്കുമുമ്പ് കോളജിൽ എന്നെ സയൻസു പഠിപ്പിച്ച ഒരു പ്രൊഫസറുടെ ഫോൺവിളി വന്നു. ചാൾസ് ഒരു ദൈവ പുരുഷനായതുകൊണ്ടാണു വിളിക്കുന്നത്. ഈ സംഭവിക്കുന്നത് എന്താണെന്നു ഒന്നു വിശദീകരിക്കാമോ? കൊവിഡ്-19 എന്ന മഹാ മാരിയായിരുന്നു അദ്ദേഹത്തിന്റെ തികച്ചും അപ്രതീക്ഷിതവും അല്പം പരിഭ്രാന്തി നിറഞ്ഞതുമായ ഫോൺവിളിയുടെ പശ്ചാത്തലം.

മാനവചരിത്രത്തിൽ ഇദംപ്രഥമമായിട്ടാണ് ഏതാണ്ട് ഇരുലൂറിലധികംരാജ്യങ്ങളെ ആശങ്കയുടെ മുൾമുനയിൽ നിറുത്തിക്കൊണ്ട് ഇത്ര വ്യാപകമായ ഒരു മഹാമാരിയുണ്ടാകുന്നത്. ലോകചരിത്രത്തിൽ സ്പാനീഷ് ഫ്ളൂ, എബോള, പ്ളേഗ് ഇത്യാദി അതിമാരകങ്ങളായ മഹാമാരികൾ ഉണ്ടാവുകയും ലക്ഷക്കണക്കിനു ആളുകൾ അപമൃത്യുവിനു ഇരയാവുകയും ചെയ്തിട്ടുണ്ട്. ഇന്നു നാമഭിമുഖീകരിക്കുന്ന കൊവിഡ്-19 എന്ന ഓമനപ്പേരിലറിയപ്പെടുന്ന കൊറോണാ വൈറസിന്റെ ശീഘ്രവ്യാപനം ലോകത്തിലെ ഏഴു വൻകരകളെയും ഭീതിയിലാഴ്ത്തിയിരിക്കയാണ്. ഇതെഴുതുമ്പോൾ എഴുപത്തൊമ്പതു ലക്ഷത്തിലധികം രോഗികൾ ചികിത്സയിലുണ്ട്. ഫലകരമായ ഒരു മരുന്നും ഇതഃപര്യന്തം കൊവിഡിന്റെ ചികിത്സയ്ക്കു കണ്ടെത്തിയിട്ടുമില്ല. അതുകൊണ്ട് മരണ നിരക്കു അനുസ്യൂതം അധികരിച്ചുകൊണ്ടിരിക്കയാണ്. ലോകമെമ്പാടുമായി നാലുലക്ഷത്തിമുപ്പത്തിമൂവായിരം പേർ അപമൃത്യുവിനിരയായി ക്കഴിഞ്ഞു.

വേദപുസ്തകം വായിച്ചിട്ടുള്ളവരിൽ ഒരു നല്ലപങ്ക് ആളുകളും മത്തായി സുവിശേഷത്തിന്റെയും വെളിപ്പാടുപുസ്തകത്തിന്റെയും വെളിച്ചത്തിൽ ഇതു മഹോപദ്രവമാണോ അതോ ലോകാവസാനം തന്നെയാണോ എന്ന സംഭീതിയിൽ ദിനരാത്രങ്ങൾ അസ്വസ്ഥതയിൽ തള്ളിനീക്കുന്നു. യേശുക്രിസ്തുവിന്റെ സന്തതസഹചാരികളായി മൂന്നരവർഷക്കാലം കൂടെയുണ്ടായിരുന്ന ശിഷ്യവൃന്ദവും അന്ത്യകാലത്തെക്കുറിച്ച് അജ്ഞരായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് മത്തായി സുവിശേഷം 24-ാം അദ്ധ്യായത്തിൽ അവർ ചില ചോദ്യങ്ങൾ ഉന്നയിക്കുന്നതും കർത്താവിന്റെ അതിനുള്ള മറുപടി മത്തായി 24, ലൂക്കൊസ് 21 എന്നീ അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതും. കർത്താവു തന്റെ ശിഷ്യന്മാർക്കു നല്കുന്ന സംശയനിവാരണത്തിന്റെ വെളിച്ചത്തിൽ കൊവിഡ്-19 എന്ന മഹാമാരി, മഹോപദ്രവമോ, ലോകാവസാനമോ ഒന്നുമല്ലെന്നു മനസ്സിലാക്കാം. സത്യദൈവത്തെ നിന്ദിക്കയും പരിഹസിക്കയും ചെയ്യുകയും ലൈംഗിക അരാജകത്വത്തിനു നിയമസാധുത നല്കി ജീവിതശൈലിയാക്കി സ്വീകരിച്ച് അതിൽ സംതൃപ്തിയടഞ്ഞ് ദൈവഭയമോ മനുഷ്യനെ ശങ്കയോ ഇല്ലാതെ ജീവിക്കുകയും ചെയ്യുന്ന ജനലക്ഷങ്ങളെ ദൈവത്തിങ്കലേക്കു മടക്കിക്കൊണ്ടുവരുവാൻ വേണ്ടി ദൈവം അയച്ച ഒന്നാണ് ഈ മഹാമാരിയെന്നു ചിന്തിക്കുന്നതിൽ അപാകതയില്ല. സ്രഷ്ടാവിനെ മറന്നുള്ള സൃഷ്ടിയുടെ ഈ പോക്ക് എങ്ങോട്ടാണ്?

യേശുകർത്താവു സ്വന്തജനമായ യഹൂദന്മാരെ രക്ഷിക്കാൻവേണ്ടി വന്നെങ്കിലും യൂദർ അവനെ തിരസ്കരിച്ചു. യോഹന്നാൻ 1:11 ൽ "അവൻ സ്വന്തത്തിലേക്കു വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല" എന്നു കാണുന്നു. മത്തായി 24 ആരംഭിക്കുന്നത്, "അവൻ ദൈവാലയം വിട്ടു" എന്ന വാചകത്തോടെയാണ്. അതു വിടാനുള്ള കാരണം മത്തായി 23:37-39 വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. യഹൂദന്റെ പ്രശംസാവിഷയമായ ദൈവാലയത്തിന്റെ വാസ്തുശില്പവിസ്മയത്തിലേക്കു കർത്താവിന്റെ

അവിഭക്തശ്രദ്ധ ആകർഷിക്കുവാൻ ശിഷ്യന്മാർ ഒരുമ്പെട്ടപ്പോൾ തന്നെ തിരസ്കരിച്ച യഹൂദന്റെ മനോമോഹനമായ ദൈവാലയം ഇടിഞ്ഞിട്ട് കല്ലിന്മേൽ കല്ലു ശേഷിക്കയില്ല എന്നു പ്രവചനരൂപേണ കർത്താവു പ്രഖ്യാപിക്കുന്നു. തദനന്തരം ഗുരുവിനോടൊപ്പം ഒലിവുമലയിലെത്തിയ ശിഷ്യന്മാർ അവിടെയിരുന്നുകൊണ്ട് യേശുവിനോടു മൂന്നു ചോദ്യങ്ങൾ ചോദിക്കുന്നു.

ഒന്നാമതായി അവർക്കു അറിയേണ്ടത് അവരുടെ ആരാധനയുടെ സിരാകേന്ദ്രമായ യരുശലേം ദൈവാലയത്തിന്റെ പതനം എപ്പോഴാണു സംഭവിക്കുന്നത് എന്നായിരുന്നു. കർത്താവിന്റെ ഉത്തരം മത്തായി സുവിശേഷത്തിൽ കാണുന്നില്ല. എന്നാൽ ലൂക്കൊസ് 21-ാം അദ്ധ്യായത്തിൽ അതു കാണാവുന്നതാണ്. ''സൈന്യങ്ങൾ യരുശലേമിനെ വളഞ്ഞിരിക്കുന്നതു കാണുമ്പോൾ അതിന്റെ ശൂന്യകാലം അടുത്തിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ". ഇതു പറഞ്ഞ് ഏതാണ്ട് 37 വർഷങ്ങൾക്കുശേഷം, A.D.70 ൽ റോമൻ ചക്രവർത്തിയായ ടൈറ്റസിന്റെ നേതൃത്വത്തിൽ യരുശലേമിനെ സൈന്യങ്ങൾ വളഞ്ഞു. ദൈവാലയം അഗ്നിക്കിരയാക്കി. അതിന്റെ സ്വർണ്ണപ്പൊതിച്ചിലുകൾ വെന്തുരുകി ദൈവാലയഭിത്തികൾക്കുള്ളിലേക്കു ഒലിച്ചിറങ്ങി. സ്വർണ്ണക്കൊതിയന്മാരായ പടയാളികൾ കല്ലുകൾ അടിസ്ഥാനശിലവരെ ഓരോന്നും ഇളക്കി ലോഹക്കല്ലുകൾ സ്വന്തമാക്കിയപ്പോൾ ''കല്ലിന്മേൽ കല്ലു ശേഷിക്കയില്ല'' എന്ന നമ്മുടെ കർത്താവിന്റെ പ്രവചനം നിവൃത്തിയായി.

ഒലിവുമലയിൽ വച്ചു ശിഷ്യന്മാർ ചോദിച്ച രണ്ടാമത്തെ ചോദ്യം നിന്റെ വരവിന്റെ അടയാളം എന്താണെന്നായിരുന്നു. സഭയെ തന്നോടു ചേർക്കുന്നതിനെക്കുറിച്ച് ഒലിവുമല പ്രഭാഷണത്തിൽ പരാമർശമില്ല. ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം മശീഹാ യരുശലേം കേന്ദ്രീകരിച്ച് ലോകവാഴ്ച നടത്തുമെന്നുള്ള യഹൂദന്റെ ചിരകാല പ്രതീക്ഷയോടു ബന്ധപ്പെട്ട കാര്യങ്ങളിലാണ് അവർ വ്യക്തത തേടിയത്. അതിനു മത്തായി 24:4-44 വരെയുള്ള വാക്യങ്ങളിലൂടെ കർത്താവു മറുപടി നല്കുന്നു. അവിടെ പ്രധാനമായും മഹോപദ്രവത്തെക്കുറിച്ചാണു കർത്താവു പരാമർശിക്കുന്നത്. അതിന്റെ അന്ത്യത്തിലാണ് കർത്താവു ഈ ഭൂമിയിൽ തന്റെ രാജ്യം സ്ഥാപിക്കുവാൻ വരുന്നത്. ഇന്നു ലോകമെമ്പാടും കൊറോണാ വൈറസ് ബാധയാൽ മനുഷ്യർ മരിക്കുകയും തീവ്രദുരിതം അനുഭവിക്കയും ചെയ്യുന്നതിനെ മഹോപദ്രവമായി ഒരിക്കലും കണക്കാക്കരുത്. വൈറസുബാധിച്ച ലക്ഷോപലക്ഷങ്ങൾ സുഖം പ്രാപിച്ചു; പ്രാപിച്ചുകൊണ്ടിരിക്കുന്നു. പ്രിയരേ, മഹോപദ്രവം ഒന്നുവേറെയാണ്. മത്തായി 24: 4-44 വേദഭാഗം മനസ്സിരുത്തി വായിക്കുക.

കർത്താവിന്റെ വരവിനു രണ്ടു ഘട്ടങ്ങൾ ഉണ്ട്. ആദ്യഘട്ടം മഹോപദ്രവത്തിനു തൊട്ടു മുമ്പും രണ്ടാമത്തെ ഘട്ടം മഹോപദ്രവത്തിന്റെ അവസാനത്തോടനുബന്ധിച്ചുമാണ്. മഹോപദ്രവമാകട്ടെ സാത്താന്റെ നേതൃത്ത്വത്തിലുള്ള ഏഴുവർഷക്കാലത്തെ ദുർഭരണമാണ്. പെന്തക്കൊസ്തു നാൾ മുതൽ ഇന്നയോളം ജീവിച്ചിരുന്നവരെയും ഇന്നു ജീവിക്കുന്നവരുമായ വിശ്വാസികളെ മഹോപദ്രവത്തിനു മുമ്പായി തന്നോടു ചേർക്കുവാൻ കർത്താവു പ്രത്യക്ഷനാകുന്നതാണ് ആദ്യവരവിന്റെ ആദ്യഘട്ടം. ഇതിനെ സഭയുടെ ഉത്പ്രാപണം എന്നാണു വിശേഷിപ്പിക്കുന്നത്. മറ്റേതൊരു ലേഖനകർത്താക്കളെക്കാളുപരി അപ്പൊസ്തലനായ പൗലൊസ് ഈ വിഷയം കൈകാര്യം ചെയ്തിരിക്കുന്നു. 1 കൊരിന്ത്യർ 15, 1 തെസ്സലൊനീക്യർ 4 ഈ അദ്ധ്യായങ്ങളിൽ പ്രസ്തുത വിഷയം സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. നമ്മുടെ കർത്താവ് യോഹന്നാൻ 14ൽ "ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു" (14:2b) "ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു, പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും" (14:3). യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണവേളയിൽ ഭഗ്നാശയരായി ആകാശത്തേക്കു അമ്പരപ്പോടെ നോക്കിനിന്ന ശിഷ്യവൃന്ദത്തോടു ദൂതന്മാർ, "ഗലീലാപുരുഷന്മാരേ" എന്നു അഭിസംബോധന ചെയ്തു പ്രസ്താവിച്ച വാക്കുകൾ അവരെ പ്രത്യാശാനിർഭരരാക്കി. ''നിങ്ങളെവിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശു. വീണ്ടും വരും'' (അപ്പൊ. പ്രവൃത്തി 1:11). വേദപുസ്തകത്തിന്റെ അവസാന അദ്ധ്യായത്തിൽ പത്മൊസ് ദ്വീപിലെ ഏകാന്തതയിൽ യോഹന്നാൻ കേൾക്കുന്ന മന്ദസ്വരവും: "അതേ, ഞാൻ വേഗം വരുന്നു" എന്നാണ്. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ.

സ്വന്തചങ്കിലെ ചോരകൊടുത്തു നമ്മെ വിലയ്ക്കു വാങ്ങിയതാണ്. നമ്മെ മഹോപദ്രവത്തിലൂടെ കടന്നുപോകുവാൻ അവിടുന്ന് അനുവദിക്കയില്ല. മഹോപദ്രവത്തിനു മുമ്പായി തന്റെ മക്കളെ തന്നോടുചേർക്കുവാൻ കർത്താവു വരും, തീർച്ച. കർത്താവിന്റെ വരവിന്റെ തീയതി നിശ്ചയിക്കുന്ന പ്രവാചകന്മാർ ധാരാളമുണ്ട്. ഒലിവുമല പ്രഭാഷണത്തിൽ പ്രസ്തുത വിഷയത്തോടുള്ള ബന്ധത്തിൽ നമ്മുടെ കർത്താവിന്റെ പ്രതികരണം ശ്രദ്ധേയമാണ്: “ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല.” (മത്തായി 24:36). “അങ്ങനെ നിങ്ങൾ നിനെക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ.” (മത്തായി 24:44). കർത്താവിനും സ്വർഗ്ഗത്തിലെ ദൂതന്മാർക്കുപോലും അറിവില്ലാത്ത കാര്യമാണ് ആനുകാലിക പ്രവാചകന്മാർ കാലനിർണ്ണയം നടത്തുന്നത്. അവരെ കർത്താവു വിശേഷിപ്പിക്കുന്നത് കള്ളപ്രവാചകന്മാർ എന്നാണ്.

കർത്താവിന്റെ മദ്ധ്യാകാശവരവിങ്കൽ ഭൂമിയിൽ അവശേഷിക്കുന്നവർ, സുവിശേഷം അനേകം പ്രാവശ്യം കേട്ടിട്ടും മനഃപൂർവ്വമായി യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കാത്തവരാണ്. അവർ, സഭയുടെ ഉത്പ്രാപണത്തിനുശേഷം ആഗോളവ്യാപകമായി സംഭവിക്കുന്ന ഏഴു വർഷക്കാലത്തെ ഭീകരവും ഭയാനകവുമായ മഹാകഷ്ടത്തിലൂടെ കടന്നുപോകേണ്ടിവരും എന്നുള്ള മുന്നറിയിപ്പു കൂടി നല്കട്ടെ. ഇന്നത്തെ മഹാമാരിയുമായി തുലനം ചെയ്യാൻ സാധ്യമല്ലാത്ത രീതിയിൽ വർണ്ണനാതീതമായ കഷ്ടവും ദുരിതവും ആയിരിക്കും അത്. അതിനെക്കുറിച്ചു നമ്മുടെ കർത്താവു ശിഷ്യന്മാരോടു പറഞ്ഞതു ശ്രദ്ധിക്കുക. “ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്ന് ഉണ്ടാകും” (മത്തായി 24:21). അന്തിക്രിസ്തുവിന്റെ നേതൃത്ത്വത്തിലുള്ള ആ ഏഴു വർഷങ്ങൾ. അതിൽ നിന്നു മോചനം പ്രാപിപ്പാനുള്ള ഏകമാർഗ്ഗം മാനവരാശിയുടെ പാപത്തിന്റെ ആത്യന്തികപരിഹാരത്തിനു വേണ്ടി നാമോരുരുത്തരുടെയും പകരക്കാരനായി ക്രൂശുവഹിച്ചു മരിച്ച യേശുവിനെ സ്വന്തരക്ഷകനും കർത്താവുമായി ഹൃദയത്തിൽ സ്വീകരിച്ച് അവിടുത്തെ പൈതലായി ത്തീരുക മാത്രമാണ്. “മറ്റൊരുത്തനിലും രക്ഷയില്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൽ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവുമില്ല” (അപ്പൊ. പ്രവൃത്തി 4:12).

ഒലിവുമലയിലിരുന്ന ശിഷ്യന്മാരുടെ മൂന്നാമത്തെ ചോദ്യം ലോകാവസാനത്തിന്റെ അടയാളം എന്തെന്നു ആയിരുന്നു. അടിസ്ഥാനപരമായി രണ്ടും മൂന്നും ചോദ്യങ്ങൾ ഒന്നുതന്നെയാണ്. അതിനുള്ള മറുപടി മത്തായി 24: 4-8 വാക്യങ്ങളിൽ കാണാവുന്നതാണ്. ദൈവിക കാര്യപരിപാടിയിൽ ഇനി സംഭവിക്കാനുള്ളത് സഭയുടെ ഉത്പ്രാപണമാണ്. അതിനുശേഷമാണ് മഹാപീഡനം അഥവാ മഹോപദ്രവം. മഹോപദ്രവം അവസാനിക്കുന്നത് കോടാനുകോടി വിശുദ്ധരുമായി ഈ ഭൂമിയിലേക്കു വരുന്ന നമ്മുടെ കർത്താവിന്റെ പുനരാഗമനത്തോടെയാണ്. കർത്താവു സാത്താനെ ബന്ധിക്കയും ആയിരമാണ്ടു വാഴ്ച ഈ ഭൂമിയിൽ ആരംഭിക്കയും ചെയ്യും. അതിനും ശേഷമാണു ലോകാവസാനം. വിസ്താരഭയത്താൽ നാം ആ വിഷയത്തിലേക്കു കടക്കുന്നില്ല.

പ്രിയ സ്നേഹിതാ, താങ്കൾ നാളെയേ ഓർത്തു നീറേണ്ടതില്ല. മഹോപദ്രവത്തിലൂടെ എങ്ങനെ ഞാൻ കടന്നുപോകും എന്നു ചിന്തിച്ചു ഭയചകിതനാകാതെ, മഹോപദ്രവത്തിൽ കൂടി കടന്നുപോകാതിരിക്കാനുള്ള വഴി തിരഞ്ഞെടുക്കയാണു കരണീയമായിട്ടുള്ളത്. ഞാൻ തന്നെ വഴിയും സത്യവും ജീവനും എന്നു അരുളിച്ചെയ്ത കർത്താവിന്റെ പാദാന്തികേ വന്ന് പാപം ഏറ്റുപറഞ്ഞുപേക്ഷിച്ച് പാപക്ഷമ പ്രാപിച്ച് അനശ്വരജീവന്റെ അവകാശിയാകുക. തന്റെ വിശുദ്ധന്മാരെ ചേർക്കുവാൻ നമ്മുടെ കർത്താവു ഏതു നിമിഷവും വരാം. കർത്താവിനു വരാൻ കൊറോണാ തീരാൻ കാത്തിരിക്കേണ്ട ആവശ്യമില്ല. അവിടത്തെ ആസന്നമായ വരവിനായി ഒരുങ്ങിപ്പാർക്കുക. കൊറോണാ വൈറസുകളോ ലോക്ഡൗണുകളോ ഒന്നും നമ്മെ പരിഭ്രാന്തരാക്കരുത്. ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെയുണ്ട്. നമുക്കു ആ സർവ്വശക്തനിൽ ശരണപ്പെടാം.

“പാപം പെരുകുന്ന ലോകമതിൽ
രോഗം നിറയ്ക്കും മഹാമാരി
ആശ്വാസം നല്കുന്നൊരേകനാമം
യേശുവേ നിന്റേതുമാത്രം”.

❑

# Hope in the midst of Hopelessness

**Michael Anchan**
Boston, U.S.A.



If I had to choose any word to describe Easter, I'd choose hope. Easter is the day in the Christian faith where we celebrate the resurrection of our savior Jesus Christ, who after dying on the cross for our sins, on the third day rose again. Easter is a day of hope, the most important Christian holiday in which we celebrate the gospel of Christ. However, it is easy in days like these to have no hope or to question whether God is even here.

Our country is undoubtedly facing one of the most challenging periods in our (young) history. Churches are empty this morning on one of the most celebrated holidays of the year. Over the past few weeks, schools are shut down, colleges sent students home, nations sealed borders. Tent hospitals were erected and mass graves were dug as in time of war. Entire cities emptied out and people have gone into hiding. Going to the grocery store is risky, and going to work is out of question for most. Graduations, weddings, funerals are all cancelled. Millions of people face financial uncertainty amidst lay-offs and furloughs. Thousands of Americans have been fighting for and losing their lives, and not just the vulnerable, but also the healthy, some who got sick by just going to work. The world is at a standstill and our lives are collectively changed for the foreseeable future. This has been an unusually hard year. Throughout human history, Easter has fallen in dark periods. When Black Death swept over the Eurasian continent, nearly 200 million people died; I'm sure hopelessness in the face of such a pandemic abounded. In the Civil War, the deadliest American conflict to date, hope was the last thing on the American mind. Easter was celebrated during the World wars too. When the entire world was fighting and dying, it must have been hard to find hope on the most hopeful of holidays. In dark periods, it seems hard to find hope and easy to ask where God is.

As crazy as it sounds though, I do see God at work in people and I do find hope. Sure, flipping through the news might seem gloomy, but in the midst of our American crisis, there are heroes and silver-lining. For one, people are spending more time with children, spouses, and siblings. We've slowed down to see what truly matters in life, and trivial things don't seem to bother

us anymore. Millions of essential workers, from postal workers and grocery store employees to EMTs, paramedics, nurses, and doctors have stepped up to fight the virus and keep our nation going. Countless soldiers, both active and retired, have joined to set up make-shift hospitals and help distribute PPE. Everyday citizens are making masks at home and doing their part to help their neighbors and the elderly. Despite what the media might tell you, it seems as if for the first time in a long time, we are living up to our name as the United States of America.

On this Easter, I do have hope. Hope in my savior, Jesus Christ. Hope that God will protect and keep my family, especially those on the front-lines, safe no matter what. Being a Christian doesn't mean I expect life to be easier; I just know that no matter what, God is in control. I have hope for this country, that we will rebound as a nation in the coming months, that we will revamp our economy, help rebuild our communities and heal broken families. You don't have to be religious to see that there is hope.

Today, Christian or not, spend time with family and be thankful for the fact you can. Pray for the families grieving those who have passed away. Pray for those still at work, the essential workers working DPW and other town services, for post-office workers, delivery drivers, grocery store workers, and janitorial staff. Pray for first responders, doctors, nurses, and other healthcare workers. Pray for those fighting for their lives. Pray for this great country.

"And now these three remain: faith, hope and love. But the greatest of these is love''(1 Corinthians 13:13).

"I lift up my eyes to the hills—where does my help come from? My help come from the Lord, the Maker of heaven and earth'' (Psalm 121:1-2).

(Michael Anchan is a teenager who lives with his parents in Boston, USA) ❑

---

## അനുവാചക പ്രതികരണങ്ങൾ

ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന മിക്ക ലേഖനങ്ങളെക്കുറിച്ചും നല്ല അഭിപ്രായങ്ങളാണു ഞങ്ങൾ കേൾക്കുന്നത്. അവ എഴുതി നല്കുന്നവ അല്ലാത്തതുകൊണ്ട് ലേഖനകർത്താക്കളുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനു സാധിക്കുന്നില്ല. അടുത്ത ലക്കം മുതൽ 'അനുവാചക പ്രതികരണങ്ങൾ' എന്ന ശീർഷകത്തിൽ ഒരു പംക്തി ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നു.

വായനക്കാരുടെ അഭിപ്രായങ്ങൾ ഞങ്ങളെ എഴുതി അറിയിക്കുവാൻ അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ അഭിപ്രായങ്ങൾ ഞങ്ങൾ വിലമതിക്കുന്നു. ദയവായി സഹകരിക്കുക.

**ചീഫ് എഡിറ്റർ**

# ദൈവത്തിന്റെ ഇഷ്ടമോ നമ്മുടെ ശുദ്ധീകരണം തന്നെ



മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ

"യഹോവയിൽ ആശ്രയിക്കുന്നവർ കുലുങ്ങാതെ എന്നേക്കും നില്ക്കുന്ന സീയോൻ പർവ്വതംപോലെയാകുന്നു". മാനവ രാശി മുഴുവനും ഭീതിയുടെ നിഴലിൽ കഴിയുമ്പോൾ ഒരു ചെറിയസമൂഹം ലോകത്തിന്റെ പല ഭാഗങ്ങളിലായി നിർഭയമായി വസിക്കുന്നു. യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടു സത്യത്തിലും, ആത്മാവിലും ആരാധിക്കുന്ന ദൈവമക്കൾക്ക് ഒന്നുംതന്നെ ഭയപ്പെടേണ്ടതില്ല. ലോകത്തിൽ എന്തു സംഭവിച്ചാലും ''ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്" എന്ന് അരുളിച്ചെയ്തുകൊണ്ട് 365 ദിവസവും കർത്താവ് നമ്മോടുകൂടെ നടക്കുന്നു.

ഇന്ന് ലോകം മുഴുവനും കൊറോണാ വൈറസിനെ ഭയന്ന് ഭവനങ്ങളിൽ അഭയം പ്രാപിക്കുന്നു. ഭരണകർത്താക്കളും ആരോഗ്യ രംഗത്ത് തലപ്പത്തിരിക്കുന്നവരും ഒന്നും ചെയ്യാൻ കഴിയാതെ നിസ്സഹായരായി നില്ക്കുന്നു. ഒരോദിവസവും ആയിരക്കണക്കിനു മനുഷ്യജീവനുകൾ മരണം വഴിമാറ്റപ്പെടുന്നു. ശവം സംസ്ക്കരിക്കാൻ സ്ഥലം പോരാതെ അഴുകി നാറുന്നു. പ്രവാസികളായി പോയിരിക്കുന്നവർ സ്വദേശത്തേക്ക് എത്തിച്ചേരുവാൻ പരിഭ്രാന്തരായി നാളുകളെണ്ണി കഴിയുന്നു. അതിഥി തൊഴിലാളികൾ തൊഴിൽ രഹിതരായി വാടകപോലും കൊടുക്കാൻ കഴിയാതെ വീടുകളിൽ നിന്നും ഇറക്കി വിടുമ്പോൾ തലചായ്പാൻ ഇടവും ഭക്ഷണവുമില്ലാതെ കരഞ്ഞ് മുറവിളി കൂട്ടിയിട്ടും അധികാരികൾ തിരിഞ്ഞു നോക്കാതിരിക്കെ മുലകുടിക്കുന്ന കുഞ്ഞുങ്ങളെയും എടുത്ത് വൃദ്ധജനങ്ങളെ തോളിൽ താങ്ങിയും കാല്നടയായി സ്വദേശത്തേക്ക് ബഹുദൂരം യാത്ര ചെയ്യുമ്പോൾ; അവിടെ എത്തിച്ചേരുമോ എന്നുപോലും അവർ ഓർക്കുന്നില്ല. കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽതന്നെ പലവിധമായ അപകടങ്ങളിൽപെട്ട് അനേകർ മരണത്തിനു കീഴടങ്ങി. എന്നിട്ടും ഭരണകർത്താക്കൾ അവരുടെ ആവശ്യങ്ങൾക്ക് ഒരു വിലയും കല്പിക്കുന്നില്ല എന്നുള്ളത് എത്ര മനുഷ്യത്വരഹിതമാണ്. മനുഷ്യനു മനുഷ്യനെ യാതൊരു വിലയും ഇല്ല എന്നുള്ളതിന് ഉത്തമ ഉദാഹരണമാണ് ഇത്. എന്നാൽ ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യനെ ഈ ലോകത്തേക്കാൾ വിലയേറിയതായാണ് ദൈവം കാണുന്നത്. ലോകത്തിൽ ആശ്രയിക്കുന്നവരുടെ അവസ്ഥ ഓരോ ദിനവും നമ്മുടെ കൺമുന്നിലൂടെ കടന്നു പോയിക്കൊണ്ടിരിക്കുന്നത്. "ദുഷ്ടന്റെ മരണത്തിൽ എനിക്ക് അല്പമെങ്കിലും താത്പര്യം ഉണ്ടോ? അവൻ തന്റെ വഴികളെ വിട്ടുതിരിഞ്ഞു ജീവിക്കണം എന്നല്ലയോ എന്റെ താത്പര്യം എന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്" (യെഹെസ്. 18:23). എന്നാൽ അവരുടെ ഇടയിൽ ദൈവമക്കൾ ആരെങ്കിലും ഉണ്ടെന്നുവരികിൽ ദൈവം അവരെ പരിപാലിക്കും നിശ്ചയം. അവർ മരണത്താൽ മാറ്റപ്പെട്ടെന്നിരുന്നാലും അവരുടെ സ്വദേശമായ സ്വർഗ്ഗനാട്ടിൽ എത്തുമെന്ന് പ്രത്യാശിക്കാം. നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാകുന്നു.

ഇന്ന് നാം നേരിട്ടുകൊണ്ടിരിക്കുന്ന വിപത്തായ കോവിഡ്-19 എന്ന മഹാമാരിയുടെ ഉത്ഭവം ചൈന ആണെങ്കിലും അതിനു പിന്നിൽ ദൈവത്തിന്റെ കരമല്ലാതെ മറ്റൊന്നുമല്ല എന്ന് വിശുദ്ധ വേദപുസ്തകത്തിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ലോകത്ത് പാപം പെരുകിയപ്പോഴെല്ലാം ദൈവം മനുഷ്യനോട് ഇപ്രകാരം ഇടപെട്ടിട്ടുണ്ട്. "താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുക

കൊണ്ട് യഹോവ അനുതപിച്ചു; അത് അവന്റെ ഹൃദയത്തിന് ദുഃഖമായി. ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽ നിന്നും നശിപ്പിച്ചു കളയും" (ഉത്പ.6:6-7). അപ്രകാരം നോഹ യേയും കുടുംബത്തെയും പെട്ടകത്തിലൂടെ രക്ഷിക്കുകയും ഭൂമിയിൽ ജീവനുള്ളതൊക്കെയും ജലപ്രളയത്തിലൂടെ നശിപ്പിക്കുകയും ചെയ്തു. സോദോമും, ഗോമോറയും പാപത്താൽ മലിനപ്പെട്ടപ്പോൾ ലോത്തിനെയും കുടുംബത്തെയും രക്ഷിക്കുകയും തീയും ഗന്ധകവും ഇറക്കി സകലത്തെയും മുടിച്ചു കളയുകയും ചെയ്തു. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അവ്വണ്ണംതന്നെ ആകും എന്ന് ലൂക്കൊസ് 17:27-29 വാക്യങ്ങളിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. യിസ്രായേൽ ജനം പാപം ചെയ്യുമ്പോഴെല്ലാം പ്രവാചകന്മാരിലൂടെ മുന്നറിയിപ്പ് കൊടുത്തിട്ടും അവർ മാനസാന്തരപ്പെടാതിരുന്നപ്പോഴെല്ലാം മഹാമാരി, ക്ഷാമം, വാൾ എന്നീ ബാധകളിലൂടെ ജനത്തെ ദണ്ഡിപ്പിച്ചിട്ടുള്ളതായി നാം കാണുന്നു.

നാം ക്രിസ്തുവിന്റെ മണവാട്ടി സഭയുടെ അംഗങ്ങളായി ജീവിക്കുന്നു. കാന്തൻ വരാൻ അടുത്തിരിക്കുമ്പോൾ മണവാട്ടികറയും ചുളുക്കവുമില്ലാതെ വിശുദ്ധ വസ്ത്രാലങ്കാരത്തോടെ പിതാവിന്റെ മുമ്പിൽ നിറുത്തുവാനും കർത്താവ് ഈ ലോക്ഡൗൺ കാലം നമുക്ക് തന്നിരിക്കുന്നത്. തിരുവെഴുത്തുകളിലൂടെ നമ്മുടെ ശുദ്ധീകരണത്തിനായി അനുദിനവും അരുളപ്പാടുകൾ തന്നുകൊണ്ടിരിക്കുന്നു. നാം നമ്മിലേക്ക് തന്നെ നോക്കേണ്ടതുണ്ട്. ദൈവം ആഗ്രഹിക്കുന്ന വിശുദ്ധി എന്നിലുണ്ടോ എന്ന് നാം ഓരോരുത്തരും ഒന്നു പരിശോധിക്കണം. കൊറോണാ വൈറസിനെതിരെ ലോകം മുഴുവൻ ശുദ്ധീകരണം നടന്നുകൊണ്ടിരിക്കുമ്പോൾ നാം ആത്മിക ശുദ്ധീകരണം പ്രാപിച്ച് നിത്യതയ്ക്ക് വേണ്ടി ഒരുങ്ങാം. ദൈവത്തിന്റെ ഇഷ്ടമോ നമ്മുടെ ശുദ്ധീകരണം തന്നെ.

നീനെവേയിലെ രാജാവും ജനങ്ങളും മാനസാന്തരപ്പെട്ടപ്പോൾ മനസ്സലിഞ്ഞ് അവർക്ക് വരുത്തുമെന്ന് പറഞ്ഞിരുന്ന വിപത്തിൽ നിന്നും അവരെ രക്ഷിച്ച ദൈവം നമ്മെയും രക്ഷിക്കാതിരിക്കയില്ല. മനസ്സോടെയല്ലല്ലോ അവൻ മനുഷ്യപുത്രന്മാരെ ദുഃഖിപ്പിച്ച് വ്യസനിപ്പിക്കുന്നത് (വിലാപ. 3:33). ഈ മഹാമാരിയിൽ നിന്നും വിടുതൽ ലഭിക്കാൻ 1ദിനവൃത്താന്തം7:14-ൽ പറഞ്ഞിരിക്കുന്ന പ്രകാരം എന്റെ ജനം തങ്ങളെത്തന്നേ താഴ്ത്തി പ്രാർത്ഥിച്ചു എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്ന് കേട്ടു അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും എന്ന് യഹോവ അരുളിചെയ്യുന്നു.

പ്രിയദൈവമക്കളെ നമുക്ക് അവന്റെ പാദത്തിൽവീണ് നമ്മുടെ അകൃത്യങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കാം. നാം നമ്മുടെ നടപ്പു ആരാഞ്ഞു ശോധന ചെയ്തു യഹോവയുടെ അടുക്കലേക്കു തിരിയുക. നാം കൈകളെയും ഹൃദയത്തെയും സ്വർഗ്ഗസ്ഥനായ ദൈവത്തിങ്കലേക്കു ഉയർത്തുക. (വിലാപ. 3:40,41) മനുഷ്യൻ എത്ര നിസ്സാരനെന്നോർക്കുക. നഗ്നനേത്രങ്ങൾകൊണ്ട് നോക്കിയാൽ കാണാൻ കഴിയാത്ത ഈ അണുവിനെ ഭൂലോകത്തിലുള്ള സകല മനുഷ്യരും ഭയപ്പെടുമ്പോൾ അതിനെ അയച്ച ദൈവത്തെ എത്ര ഭയപ്പെടേണ്ടതാണ്. ദൈവം മനുഷ്യനോട് ചോദിക്കുന്നു മർത്യൻ ദൈവത്തിലും നീതിമാനാകുമോ? നരൻ സൃഷ്ടാവിലും നിർമ്മലനാകുമോ? (ഇയ്യോബ് 4:17). ദൈവത്തേക്കാൾ ഉന്നതനായി മാറാനുള്ള മനുഷ്യന്റെ മോഹം സകലവും അവനു കീഴ്പെട്ടിരിക്കുന്ന എന്ന ഭാവം അവനെത്ര നിസ്സാരനാണ് എന്നു ദൈവം മനുഷ്യനെ ഒന്നു പഠിപ്പിക്കുവാനുള്ള ദൈവത്തിന്റെ പ്രവൃത്തിയെ ആമേൻ പറയാനേ നമുക്ക് സാധിക്കൂ. പൊടിയിൽ നിന്ന് ഉത്ഭവിച്ച് മൺപുരകളിൽ പാർത്ത് പുഴുപോലെ ചതഞ്ഞുപോകുന്നവരിൽ എത്ര അധികം (ഇയ്യോബ് 4:19). ഇതാണ് മനുഷ്യൻ. ചതഞ്ഞരഞ്ഞു പോകുന്ന ഒരു പുഴുവിനു സമൻ. ഇനിയെങ്കിലും നാം ഈ ഭൂമുഖത്ത് ശേഷിച്ചാൽ ദൈവത്തെ ഭയപ്പെട്ട് അവന്റെ കല്പനകളിൽ ഏറ്റം പ്രിയപ്പെട്ട് നമുക്ക് തന്നിരിക്കുന്ന ആയുസ്സു തികയ്ക്കാൻ സർവ്വകൃപാലുവായ ദൈവം നമ്മെ ഏവരെയും സഹായിക്കുമാറാകട്ടെ. ദൈവനാമം മഹത്ത്വപ്പെടുമാറാകട്ടെ. ❑

# QUEST 71

(ഈ ലക്കം QUEST-71 ലെ ചോദ്യങ്ങൾ ദാനീയേൽ ഹോശേയ എന്നീ പുസ്തകങ്ങളിൽ നിന്നാണ്)

1. "ബുദ്ധിയില്ലാത്ത പൊട്ടപ്രാവുപോലെ" എന്ന് ഹോശേയ പറഞ്ഞിരിക്കുന്നത് ആരെക്കുറിച്ചാണ്?
2. പെറേസ് എന്ന വാക്കിന്റെ അർത്ഥം എന്ത്?
3. ദാനീയേലിന്റെ കാലത്തെ പാർസിരാജാവ് ആര്?
4. യഹോവ ആരുടെ പിന്മാറ്റത്തെയാണ് ചികിത്സിച്ചു സൗഖ്യമാക്കുമെന്ന് പറഞ്ഞത്?
5. അഹശ്വേരോശിന്റെ മകന്റെ പേരെന്ത്?
6. ഗോമറിന്റെ പിതാവിന്റെ പേരെന്ത്?
7. ബേൽശസ്സർ രാജാവിന്റെ വാഴ്ചയുടെ മൂന്നാം ആണ്ടിൽ ദാനീയേൽ ദർശനം കണ്ടത് എവിടെ വച്ച്?
8. യിസ്രായേൽ ബാലനായിരുന്നപ്പോൾ അവനെസ്നേഹിച്ചത് ആര്?
9. ദാനീയേൽ കണ്ട നാല് മൃഗങ്ങൾ ആരെയാണ് സൂചിപ്പിക്കുന്നത്?
10. യിസ്രായേലിന്റെ പാപമായിരുന്ന പൂജാഗിരികൾ എവിടത്തേതാണ്?
11. ദിവസം മൂന്ന് പ്രാവശ്യം ദൈവത്തിന്റെ സന്നിധിയിൽ മുട്ടുകുത്തി പ്രാർത്ഥിച്ചത് ആര്?
12. എഫ്രയീമിന് പുഴുക്കുത്ത് പിടിച്ചിരിക്കുന്നതായി പറഞ്ഞത് ആര്?
13. നെബൂഖദ്നേസറിന്റെ സ്വപ്നം വ്യാഖ്യാനിച്ചത് ആര്?
14. അകൃത്യം പ്രവർത്തിക്കുന്നവരുടേതെന്ന് ഹോശേയ പറഞ്ഞ പട്ടണം ഏത്?
15. നെബൂഖദ്നേസർ ഏതു സമഭൂമിയിലാണ് പൊന്നുകൊണ്ടുള്ള ബിംബം നിർത്തിയത്?
16. പരിജ്ഞാനമില്ലായ്കയാൽ എന്റെ —— നശിച്ചുപോകുന്നു.
17. ബാബേലിലെ വിദ്വാന്മാരെ കൊന്നുകളയുവാൻ പുറപ്പെട്ട നെബൂഖദ്നേസറിന്റെ അകമ്പടി നായകന്റെ പേരെന്ത്?
18. ബാലീ എന്ന വാക്കിന്റെ അർത്ഥമെന്ത്?
19. ആരുടെ മുമ്പിലാണ് ദൈവം ദാനിയേലിന് ദയയും കരുണയും ലഭിപ്പാൻ ഇടയാക്കിയത്?
20. ഹോശേയ പ്രവാചകന്റെ പിതാവ് ആര്?

## പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 71-ലെ** ഉത്തരങ്ങൾ റഫറൻസു സഹിതം **2020 ജൂലൈ 20 നു** മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :**

**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം - 695 011**

## Quest 70 ന്റെ ശരി ഉത്തരങ്ങൾ

| | | | |
|---|---|---|---|
| 1. ഏദെൻ തോട്ടത്തിൽ | യെഹെ. 28:12,13 | 11. യഹോവയുടെ ആത്മാവ് | യെഹെ. 37:1 |
| 2. തന്റെ ജനമായ യിസ്രയേൽ മുഖാന്തിരം | യെഹെ. 25:14 | 12. പുരോഹിതന് | യെഹെ. 44:31 |
| | | 13. ഹാമോൻ-ഗോഗ്താഴ്വര | യെഹെ. 39:11 |
| 3. ധൈര്യത്തോടെ | യെഹെ. 22:14 | 14. മിസ്രയീമിൽ | യെഹെ. 27:7 |
| 4. അശ്ശൂർ | യെഹെ. 31:3 | 15. നീതിമാനെ | യെഹെ. 33:12 |
| 5. ബാബേൽരാജാവ് | യെഹെ. 21:21 | 16. പത്രോസ്ദേശം | യെഹെ. 29:14 |
| 6. മനുഷ്യർ | യെഹെ. 36:38 | 17. വിശുദ്ധാംശം | യെഹെ. 45:1 |
| 7. തഹഫ്നേഹെസിൽ പകൽ | യെഹെ. 30:18 | 18. 20 മുഴം നീളം, 20 മുഴംവീതി | യെഹെ. 41:4 |
| 8. രണ്ട് പങ്ക് | യെഹെ. 47:13 | 19. യഹോവ അവിടെ | യെഹെ. 48:35 |
| 9. യഹോവ | യെഹെ. 35:3 | 20.ബാബേൽ | യെഹെ. 26:7 |
| 10. താമ്രംപോലെ | യെഹെ. 40:3 | | |

# Annamma Charles John Memorial Awards

## 1. Christhava Vanitha Writer of the Year 2019
## Distinguished Writer's Award – 2019



Mrs. Annamma Charles John (Co-founder Director of Good News Ministries and Founder Editor of Christhava Vanitha) Distinguished Writer's Award -2019, a sum of Rs.10000/- and a plaque were awarded in the presence of Rev. Abraham Thomas, President, Logos college of Bible and Logos College of Theology during the 2020 Graduation Exercises of Logos College of Theology, Kattaikonam to **Smt. Mollykutty Chacko,** Padiottuchal, Kannur by Dr. Charles john in recognition of her consistently excellent contributions to Christhava Vanitha.



Annamma C. John Writer's Award RunnerUp - 2019, a sum of Rs.5000/- and a plaque were awarded to **Smt. Elcy Thomas,** Meenthulli, Kannur in recognition of her quality contributions to Christhava Vanitha.

## 2. Annamma Charles John Memorial Educational Scholarships




Mrs. Annamma Charles John Memorial Personal Evangelism Award for 2019 was presented to Mr. Anil Marandi from Santhal Tribe of Bihar by Dr. Charles John, Founder-Director, Good News Ministries during the 2020 Graduation Exercises of Logos College of Theology. Mr. Marandi has successfully graduated Master of Divinity at Logos College of Theology. The award carries a certificate and a cash award of Rs.10000/-




Mrs. Annamma Charles John Memorial Personal Evangelism Award for 2019 was presented to Miss. Phengna C. Konyak from Nagaland by Dr. Charles John, Founder-Director, Good News Ministries during the 2020 Graduation Exercises of Logos College of Theology, in the presence of Rev. Abraham Thomas, President. Miss Konyak has successfully graduated Master of Divinity at Logos College of Theology. The award carries a certificate and a cash award of Rs.10000/-.

**Published by Dr. Charles John, Good News, Akkulam Road, Trivandrum 695 011**
**Printed at Grace Printers, Muttada. Mob: 9447059891**